പുസ്തകം ൧൦. ലക്കം ൧.

കർമ്മലകുസുമം

The Flower of Carmel



പ്രതിമാസ പത്രിക.

January 1912.

സംഗതി വിവരം.

I. നവവത്സരം.
II. സൂവിശേഷവിവരണം.
III. ഭാഗ്യപ്പെട്ട മർഗരീത്താ മറിയം അലക്കോക്ക് പുണ്യവതിയുടെ ജീവ ചരിത്രസംക്ഷേപം.
IV. വി. മോനിക്കായുടെ അവസാന ആഗ്രഹം.
V. സകല അനുഗ്രഹങ്ങളുടേയും ഉറവയായ ഈശോയുടെ തിരുഹൃദയം.
VI. പടിസാധനത്തിന്റെ വേഷ്ട്.
VII. പാപിക്ക സൽബുദ്ധി.
VIII. തിരുഹൃദയഭക്തർ പ്രത്യേകമകരമാസത്തിൽ വയ്ക്കുണ്ട പൊതുക്കരുതൽ.
IX. ലോകവർത്തമാനച്ചുരുക്കം.

നോട്ടീസ്.

ആണ്ടൊന്നുക്ക തഫാൽകുലി ഉൾപടെ ബ്രിട്ടിഷ് രൂപ ഫ.

യാതൊരുത്തൻ ൪ പേരെ പത്രവരിക്കാരായി ചേർത്ത് പേരയക്കയും സ്വന്തമേൽ വിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങിച്ചുകൊടുക്കയും പത്രവരിപിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്ക് സ-ാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മേലകുസുമം" മാനേജർ,
Mannanam. മാന്നാനം.


Intending subscribers should send the amount of subscription in advance or they should specially ask the Magazine being sent as per V. P. Post. As a rule it is resolved that the Magazine will be sent per V. P. Post to the intending subs--cribers and to our permanent subscribers whose term of subscription expired in case if they have not remitted the amount of subscription in advance. Those who have any objection to this, should let us know of it beforehand.

MANAGER

മാസികവരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻക്രൂർ പണമയച്ച് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്ക് ആവശ്യപ്പെടുന്നവക്കെല്ലാം സാധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്ക് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻക്രുട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

15614
DHARMARAM COLLEGE
BANGALORE



പുസ്തകം ൨൦.) ൧൯൨൨ ജനുവരി; (ലക്കം ൧.

നവവത്സരം.

പ്രിയകുസുമ വായനക്കാരെ! ഇതാ ൧൯൨൨ാം വർഷം കടന്നു; ൧൯൨൩ാം വർഷം വന്നിരിക്കുന്നു. ഈ അവസരത്തിൽ നമ്മുടെ കണ്ണുകളെ ഒന്നു മുന്നോട്ടു തിരിക്കാം. കഴിഞ്ഞ വർഷത്തിൽ ദൈവം നമുക്കു ചെയ്തിരിക്കുന്ന നന്മകൾ എത്രമാത്രമാണ്. എത്രയോ അപകടങ്ങളിൽ നിന്നു താൻ നമ്മെ രക്ഷിച്ചു. എത്രയോ പേർക്കു ഈ നവവത്സരം കാണ്മാൻ ഭാഗ്യം കിട്ടിയില്ല. നാം ഇപ്പോൾ ആയുസ്സോടെ ഇരിക്കുന്നതു ദൈവത്തിന്റെ അനുഗ്രഹമല്ലയോ? അവിടുന്നു ഈ വത്സരത്തിൽ നമുക്കു നൽകിയ വരപ്രസാദങ്ങൾ എത്രയോ അസംഖ്യമായിരിക്കുന്നു. അവയുടെ വിലപ്പിടിപ്പു എത്രയോ വിലമതിച്ചുകൂടാത്തതാണ്. ദൈവം തന്റെ നന്മ നമുക്കു നൽകാത്ത ഒരു ക്ഷണമെങ്കിലും ഉണ്ടാകയില്ല. ആത്മസംബന്ധമായും ശരീരസംബന്ധമായും ഉള്ള ഈ ദൈവനന്മകൾക്കു പ്രതികാരമായി നാം എന്താണ് ഇതേവരെ ചെയ്തതു? എത്രയോ നന്ദികേടു! ദൈവം നമുക്കു തന്ന ദാനങ്ങളെ തന്നെ അങ്ങേക്കു വിരോധമായി നാം പ്രയോഗിച്ചു. ദൈവം നമ്മെ മരിപ്പിക്കാതെ ഇതേവരെ ജീവനോടെ വച്ചിരിക്കുന്നതു ദൈവത്തിന്റെ പ്രത്യേകാനുഗ്രഹമായിരിക്കുന്നു. വരുന്നയാണ്ടു വരെയും നാം ജീവിക്കുമോ എന്നു നമുക്കു അറിഞ്ഞുകൂടാ. ആയതുകൊണ്ടു നാം ഇതേവരെ ചെയ്ത പാപങ്ങളെക്കുറിച്ചു മനസ്താപപ്പെട്ടു നല്ല ജീവിതം കഴിക്കുന്നതിനു ഉടൻ തുടങ്ങുകയും ഇതേവരെ ദൈവം നമുക്കു ചെയ്തിരിക്കുന്ന നന്മകളെക്കുറിച്ചു അങ്ങേക്കു സ്തോത്രം ചൊല്ലുകയും ചെയ്യണം.

൨. നാം പോയാണ്ടു സഹിച്ച ബുദ്ധിമുട്ടുകളും പാടുകളും സുഖങ്ങളും സന്തോഷങ്ങളും എല്ലാം കഴിഞ്ഞുപോയി. എന്നാൽ ഒരു സംഗതി ശേഷിച്ചിട്ടുണ്ട്. ദൈവത്തെക്കുറിച്ചും പുണ്യം ചെയ്യുന്നതിലും നാം അനുഭവിച്ച ബുദ്ധിമുട്ടു തീർന്നെങ്കിലും നല്ല പ്രവൃത്തികളെ നാം ഓർക്കുമ്പോൾ ഒരു സന്തോഷവും ആ സൽക്രിയകളുടെ പുണ്യഫലവും നമ്മിൽ ശേഷിച്ചിരിക്കുന്നു. അപ്രകാരം തന്നെ പാപകൃത്യത്തിലുള്ള ഇമ്പം തീർന്നെങ്കിലും അതിനെ ഓർക്കുമ്പോൾ ഒരു ദുഃഖവും ആ ദുഷ്കൃത്യം വഴിയായുള്ള ഒരു ആത്മികകറയും ശേഷിച്ചിരിക്കുന്നു. അത്രയുമല്ല നാം ദൈവത്തെക്കുറിച്ചു ചെയ്യുന്ന അല്പമായ സൽക്രിയകൂടെയും സ്വർഗ്ഗത്തിൽ വലിയ സമ്മാനം നമുക്കു അനുമാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പ്രവൃത്തികൾ ദോ

ഷകരമായിരുന്നാൽ അവകൾക്കു പര
ലോകത്തിൽ തക്ക പ്രാപ്തിയും സഹി
ക്കേണ്ടി വരുന്നതാണ്. നമ്മുടെ ക
ഴിഞ്ഞ കൃത്യങ്ങളിന്മേലുള്ള ഓർമ്മ പ്ര
ത്യേകം നമ്മുടെ മരണകട്ടിലിൽ വ
ച്ചാണുണ്ടാകുന്നത്. അന്നേരത്തു നമു
ക്കു സന്തോഷംവരുമെന്നുവരുത്തികളെ
മാത്രം നാം ഇപ്പോൾ ചെയ്യുകയും അ
പ്പോൾ ദുഃഖത്തിനു കാരണമാകുമെന്ന
വകളെ എല്ലാം നാം ഇപ്പോൾ വർജ്ജി
ക്കുകയും ചെയ്യണം. രക്ഷാകരമുള്ള സ
ന്തോഷവും ഇമ്പവും നോക്കി ഒരിക
ലും നാം പ്രവൃത്തിക്കരുത്.

നമ്മുടെ സമയം ഏറ്റവും വിലയേറി
യതാണ്. നമ്മുടെ ആയുഷ്കാലത്തി
ന്റെ ഓരോ ക്ഷണനേരത്തും നമ്മുടെ
നല്ല പ്രവൃത്തികളാൽ ദൈവത്തെയും
ദൈവേഷ്ടപ്രസാദത്തെയും സമ്പാദി
ൽ നിത്യാനന്ദത്തിന്റെ ഉന്നത പദ
വികളും നമുക്കു സമ്പാദിപ്പാൻ പാട്ട
ള്ളതുകൊണ്ടു നേരത്തേപ്പോലെ വിലയു
ള്ളതു ഇഹലോകത്തിൽ എന്താണുള്ള
ത്? നമ്മുടെ ആയുഷ്കാലത്തിനു അ
തിത്തി വെക്കപ്പെട്ടിരിക്കയാൽ നാം
വ്യർത്ഥമാക്കിക്കളയുന്ന ഓരോ ക്ഷണനേ
രവും നിത്യകാലത്തേക്കു നമുക്കു നഷ്ട
മായിപ്പോകുന്നതാണ്. നമ്മുടെ സമ
യം മുഴുവനും നമുക്കു ഫലമുള്ളതാകു
ന്നതിനുവേണ്ടി നാം ചെയ്യേണ്ടതു എ
ന്തെന്നാൽ, ക്രമത്തു; ചാവദോഷവും
മനസ്സറിഞ്ഞുള്ള പാപദോഷവും ഒരി
ക്കലും നാം ചെയ്യരുത്, വല്ല പാ
പവും നാം ചെയ്തുപോയാൽ ഉടൻ
നല്ലഭക്തിയോടെ പാപസങ്കീർത്തനം
ചെയ്യണം. ക്രമത്തു സ്വഭാവത്താലെ
ദോഷവും പുണ്യവുമില്ലാത്ത നമ്മുടെ
സകല പ്രവൃത്തികളും ദൈവസ്തുതിക്കാ
യിട്ട് എന്നുള്ള നിയോഗത്തോടെ നാം
ചെയ്യണം. ഇങ്ങിനെ ചെയ്യുന്നതാ
യിരുന്നാൽ ഈ പ്രവൃത്തികൾ ക്രമേ
ണ പുണ്യമുള്ളവയും മോക്ഷസംഭവി
നക്കു പാത്രമുള്ളവയും ആയിത്തീരുന്നതാ
ണ്. "നിങ്ങൾ ചെയ്യുന്നതെല്ലാം ന
മ്മുടെ കർത്താവീശോമ്ശിഹായുടെ നാ
മത്തിൽ ചെയ്വിൻ" എന്നുള്ള ശ്ലീ
ഹായുടെവാക്യം നാം സർവ്വദാ ഓർക്കേണ്ട
താണ്. നാമത്തു. നാം പ്രതിദിനംചെ
യ്യുന്ന പുണ്യ കൃത്യങ്ങൾ സൂക്ഷ്മത്തോടും
ഭക്തിയോടും നല്ലവണ്ണവും മായസ്തുതി
ഇശ്ശിക്കാതെയും ചെയ്യേണ്ടിയിരിക്കുന്നു.
നാം ദിവസംതോറും പല ജപങ്ങൾ
എത്തിക്കയും പല പുണ്യകൃത്യങ്ങൾ ചെ
യ്യുകയും ചെയ്യുന്നു. എന്നാൽ അവകൾ
സൂക്ഷ്മത്തോടും ഭക്തിയോടും ഓരോ പ്ര
വൃത്തിക്കു വേണ്ടതായ ഗുണലക്ഷണങ്ങ
ളോടും കൂടെ ചെയ്യാത്തതിനാൽ അ
വകൾ ഫലമില്ലാത്തവയായി തീരുന്നു.
മായസ്തുതിയാണ് നമ്മുടെ പ്രവൃത്തിക
ളിൽ വലിയ വങ്കിനേയും വഷളാക്കു
ന്നതു്. വളരെ ബുദ്ധിമുട്ടോടുകൂടെ ചെ
യ്യുന്ന നമ്മുടെ പ്രവൃത്തികളിൽ മായ
സ്തുതി കയറുന്നതിനു നാം സമ്മതിക്കു
ന്നതിനാൽ അവകളെ ദൈവത്തിനു
ല്ല, പിശാചിനാണ് നാം പ്രതിഷ്ഠിക്കു
ന്നതു്. ആയതുകൊണ്ടു നമ്മുടെ പുണ്യ
കൃത്യങ്ങൾ ദൈവത്തിനു പ്രസാദിക്ക
ത്തക്കവണ്ണം അവയെ നാം ചെയ്യു
ന്നതിനു ഉത്സാഹിക്കേണ്ടിയിരിക്കുന്നു.
ക്രമത്തു. നമ്മുടെ ദുരാശകളെ നി
ഗ്രഹിക്കുന്നതിനു നാം ശ്രമിക്കയും
ശോമ്ശിഹായെ നാം അനുകരിച്ചു അ
ങ്ങേ പുണ്യങ്ങൾ നമ്മിൽ ഉണ്ടാകുന്ന
തിനു താല്പര്യപ്പെടുകയും ചെയ്യേണ്ടി
യിരിക്കുന്നു. ജനുവരി ഫസ്റ്റ്- നവവത്സര
പിറപ്പും നമ്മുടെ കർത്താവിനെ ചേലാ
കർമ്മം ചെയ്ത ദിവസവുമാണല്ലോ.
ഈ ദിവസം നമ്മുടെ ദിവ്യരക്ഷകൻ
എത്രയോ ഉത്തമ പുണ്യ ദൃഷ്ടാന്തങ്ങൾ
നമുക്കു കാണിച്ചിരിക്കുന്നു. ചേലാകർമ്മ
ത്തെ അനുസരിക്കുന്നതിനു തനിക്കു യാ
തൊരു വിധത്തിലും കടമില്ലായിരുന്നു
വെങ്കിലും അതിനെ സമനസ്സാലെ

സന്തോഷം അനുസരിച്ചതിനാൽ അ
ജ്ഞാനുസരണത്തിന്റെയും ഈ കർമ്മം
വഴിയായി പാപികളുടെ വേഷം ധരി
ക്കുന്നതിനും താൻ തിരുമനസ്സായതിനാ
ൽ എളിമയുടെയും എത്രയും മൃദുവായ
തന്റെ തിരുശ്ശരീരം ഛേദിക്കപ്പെട്ട
ന്നതിനും ചോര ചിന്തുന്നതിനും താ
ൻ സമ്മതിച്ചതിനാൽ തപസ്സിന്റെയും
ആശയടക്കത്തിന്റെയും രക്ഷിതാവെ
ന്നർത്ഥമുള്ള ഈശോ എന്ന തിരുനാമം
ധരിക്കുന്ന അവസരത്തിൽ തന്നെ മാ
നുഷരക്ഷക്കുവേണ്ടി ചോര ചിന്തുന്നതി
നു ചിത്തമായതിനാൽ ഉപവിയുടെയും
ഉത്തമ ദൃഷ്ടാന്തം നമുക്കു കാണിച്ചിരി
ക്കുന്നു. നമ്മുടെ ദിവ്യഗുരുവിന്റെ ഈ
പുണ്യങ്ങൾ നമ്മിൽ മുളച്ചു നാൾക്കു
നാൾ വളർന്നുവരുന്നതിനു നാം പരി
ശ്രമിക്കേണ്ടിയിരിക്കുന്നു. ഈ പുത്തനാ
ണ്ടു കഴിഞ്ഞയാണ്ടുപോലെ അകാതെ
സൽകൃത്യങ്ങളും പുണ്യാഭ്യാസങ്ങളും നി
റഞ്ഞ ഒന്നാകുന്നതിനു നാം ഉത്സാഹി
ക്കണം. നാം ക്ഷണനേരവും മരണത്തി
ന്നടുത്തുപോകുന്നുവെന്ന് എല്ലായ്പോഴും
നാം ഓർത്തു പ്രവൃത്തിക്കണം. മരണത്തി
ന്റെ ദിവസവും നാഴികയും നിങ്ങൾ
അറിയാത്തതുകൊണ്ടു ഉണർന്നിരിപ്പിൻ.
എല്ലായ്പോഴും ഒരുങ്ങിയിരിപ്പിൻ എന്നു
ള്ള ദിവ്യവാക്യം ഒരിക്കലും വിസ്മരിക്ക
രുതു്. ഈ വിധം നടന്നാൽ ഈ നവ
വത്സരം നമുക്കു ഭാഗ്യമുള്ളതും നി
ത്യാനന്ദത്തെ ഫലിപ്പിക്കുന്നതുമാകും.

൧൯൦൨. ൨. ൫

II. സുവിശേഷ വിവരണം.

ഈശോ സ്വർഗ്ഗത്തിലേക്കു കണ്ണുകളെ ഉയർത്തി പിതാവിനെ വിളിച്ചുകൊണ്ടു പറയുന്നതായതു:- "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി; ഞാൻ ചെയ്യാനായി നീ ഇനിക്കു ഏൽപ്പിച്ച വേലയെ ഞാൻ പൂർത്തിയാക്കിയിരിക്കുന്നു. ആകയാൽ പിതാവെ! ലോകം ഉണ്ടാകും മുമ്പെ നിന്റെ പക്കൽ ഇനിക്കുണ്ടായിരുന്ന മഹത്വംകൊണ്ടു ഇപ്പോൾ നിന്റെ പക്കൽ തന്നെ നീ എന്നെ മഹത്വപ്പെടുത്തേണമെ. നീ ലോകത്തിൽനിന്നു ഇനിക്കു തന്ന മനുഷ്യർക്കു ഞാൻ നിന്റെ നാമം വെളിപ്പെടുത്തി; അവർ നിനക്കുള്ളവരായിരുന്നു; എന്നാൽ നീ അവരെ ഇനിക്കു തന്നു; അവർ നിന്റെ വചനം കാക്കയും ചെയ്തു. നീ ഇനിക്കു തന്നിട്ടുള്ളവ ഒക്കെയും നിന്നിൽനിന്നാകുന്നു എന്നു ഇപ്പോൾ അറിഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ഇനിക്കു തന്ന വചനങ്ങളെ ഞാൻ അവർക്കു കൊടുത്തു. അവർ (അവയെ) കൈക്കൊള്ളുകയും, ഞാൻ നിന്നിൽനിന്നു പുറപ്പെട്ടു വന്നുയെന്നു സത്യമായി അറികയും, നീ എന്നെ അയച്ചുവെന്നു വിശ്വസിക്കയും ചെയ്തിരിക്കുന്നു. ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു; ലോകത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നില്ല; നീ ഇനിക്കു തന്നിട്ടുള്ളവർക്കുവേണ്ടിയത്രേ (ഞാൻ പ്രാർത്ഥിക്കുന്നതു്) എന്തുകൊണ്ടെന്നാൽ അവർ നിനക്കുള്ളവരാകുന്നു. ഇനിക്കുള്ളവ ഒക്കെയും നിനക്കുള്ളവയാകുന്നു; നിനക്കുള്ളവ ഇനിക്കുള്ളവയും ആകുന്നു. ഞാൻ



അവരിൽ മഹത്വപ്പെട്ടുമിരിക്കുന്നു. വിശേഷിച്ചും ഇനിമേൽ ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; എന്നാൽ ഇവർ ലോകത്തിൽ ഇരിക്കുന്നു; ഞാനൊ നിന്റെ അടുക്കലേക്കു വരുന്നു. പരിശുദ്ധ പിതാവെ! നീ ഇനിക്കു തന്നിട്ടുള്ളവർ നമ്മെപ്പോലെ ഒന്നായിരിക്കേണ്ടതിന്നു അവരെ നിന്റെ നാമത്തിൽ നീ കാത്തുകൊള്ളേണമെ. ഞാൻ അവരോടുകൂടെയിരുന്നപ്പോൾ, ഞാൻ അവരെ നിന്റെ നാമത്തിൽ കാത്തുകൊണ്ടിരുന്നു. നീ ഇനിക്കു തന്നവരെ ഞാൻ കാത്തു; വേദവാക്യം നിവൃത്തി ആകേണ്ടതിന്നു നാശത്തിന്റെ പുത്രനല്ലാതെ, അവരിൽ ഒരുത്തനും നശിച്ചുപോയതുമില്ല. എന്നാൽ ഇപ്പോൾ ഞാൻ നിന്റെ പക്കലേക്കു വരുന്നു; എന്റെ സന്തോഷം അവർക്കു തന്നിൽ പൂർണ്ണമായി ഉണ്ടാകേണ്ടതിന്നു ഇവ ഞാൻ ലോകത്തിൽവെച്ചു പറകയും ചെയ്യുന്നു. ഞാൻ നിന്റെ വചനം അവർക്കു കൊടുത്തു; എന്നാൽ ഞാൻ ലോകസംബന്ധനല്ലാത്തതുപോലെ അവരും ലോകസംബന്ധരല്ലായ്കകൊണ്ടു ലോകം അവരെ വെറുത്തിരിക്കുന്നു. നീ അവരെ ലോകത്തിൽനിന്നു എടുത്തുകൊള്ളേണമെന്നല്ല, നീ അവരെ ദോഷത്തിൽനിന്നു കാത്തുകൊള്ളേണമെന്നത്രെ ഞാൻ പ്രാർത്ഥിക്കുന്നതു. ഞാൻ ലോകസംബന്ധനല്ലാത്തതുപോലെ അവരും ലോകസംബന്ധരല്ല. സത്യത്തിൽ നീ അവരെ വിശുദ്ധീകരിക്കേണമെ, നിന്റെ വചനം സത്യമാകുന്നു. നീ എന്നെ ലോകത്തിലേക്കു അയച്ചപ്രകാരം, ഞാനും അവരെ ലോകത്തിലേക്കു അയച്ചിരിക്കുന്നു. അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ടവരായിരിക്കേണ്ടതിനു ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കയും ചെയ്യുന്നു. എന്നാൽ ഇവർക്കുവേണ്ടിമാത്രമല്ല; ഇവരുടെ വചനംമൂലം എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. പിതാവെ! നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ എല്ലാവരും തമ്മിൽ ഒന്നായിരിക്കുന്നതിന്നും നീ എന്നെ അയച്ചുവെന്നു ലോകം വിശ്വസിക്കുന്നതിന്നുവണ്ണം ഇവരും തമ്മിൽ ഒന്നായിരിക്കുന്നതിന്നും (ഞാൻ പ്രാർത്ഥിക്കുന്നു). അതുമാത്രമല്ല, നാം ഒന്നായിരിക്കുന്നപ്രകാരം അവരും ഒന്നായിരിക്കുന്നതിന്നു, നീ ഇനിക്കു തന്ന മഹത്വത്തെ ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. അവർ ഐക്യതയിൽ പൂർണ്ണമുള്ളവരായിരിക്കുന്നതിന്നും. നീ എന്നെ അയച്ചുവെന്നും നീ എന്നെ സ്നേഹിച്ചതുപോലെ ഞാൻ അവരെ സ്നേഹിക്കുന്നു എന്നും ലോകം അറിയുന്നതിന്നും വേണ്ടി ഞാൻ അവരിലും നീ എന്നിലും (ആയിരിക്കണം). പിതാവെ! ലോകസൃഷ്ടിക്കുമുമ്പെ നീ എന്നെ സ്നേഹിച്ചിരിക്കയാൽ, നീ ഇനിക്കു നൽകിയിരിക്കുന്ന മഹത്വത്തെ നീ ഇനിക്കു തന്നിട്ടുള്ളവർ കാണ്മാൻ തക്കവണ്ണം, ഞാൻ ഇരിക്കുമിടത്തു എന്നോടുകൂടി അവരും ഇരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു."

വി. യോഹന്നാൻ ൧൭ അ. ൧൪. വ.

വിവരണം:— നമ്മുടെ കർത്താവീശോമ്ശിഹാ ഒടുക്കത്തെ അത്താഴത്തിന്റെ ശേഷം തന്റെ ശിഷ്യരോടു അത്യന്ത സ്നേഹമാധുര്യത്തോടും, മരിപ്പാൻ പോകുന്ന ഒരു അപ്പൻ തന്റെ പ്രിയ മക്കളോടു ഹൃദയം തുറന്നു സംസാരിക്കുന്ന വിധത്തിലും അരുളിച്ചെയ്ത അതീവ ഉപദേശത്തിന്റെ കടശിഭാഗമാണിതു്. ഈ ഭാഗത്തിൽ നമ്മുടെ സ്നേഹം നിറഞ്ഞ കർത്താവു് തന്റെ മനുഷ്യസ്വഭാവത്തിൽ തനിക്കുവേണ്ടിയും, തന്റെ ശിഷ്യർക്കുവേണ്ടിയും, ശിഷ്യർമൂലം തന്നിൽ വിശ്വസിക്കുന്ന സകലർക്കുവേണ്ടിയും സ്വർഗ്ഗസ്ഥനായ തന്റെ പിതാവിനോടു അപേക്ഷിക്കുന്നു. അപേക്ഷയുടെ അത്യുത്തമഭാഗത്തിൽ തനിക്കു ഏൽപ്പിക്കപ്പെട്ട മനുഷ്യരക്ഷയുടെ വേല മുഖ്യമാക്കിയിരിക്കയാൽ, തനി

നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹമായിരിപ്പിൻ" എന്നീ ഉപദേശം മരണപര്യന്തം ശിഷ്യർക്ക് പൊല്ലിക്കൊടുത്തിരുന്നു.

൨൦൨൨. ൨. ൧൫

III ഭാഗ്യപ്പെട്ട മർഗരീത്താ മറിയം അലക്കോക്ക് പുണ്യവതിയുടെ ജീവചരിത്ര സംക്ഷേപം.

മുഖവുര.

ഈ ജീവചരിത്ര സംക്ഷേപം നമ്മുടെ പുണ്യവതിതന്നെ തന്റെ കുമ്പസാരക്കാരനായ വന്ദ്യ ദിവ്യശ്രീ റോളിൻ (Rolin) സ്വാമിയുടെ കൽപനയാൽ, സ്വന്ത കൈപ്പടയായി എഴുതിവച്ചിട്ടുള്ള ജീവചരിത്രത്തിൽനിന്നും ൧൬൭൨ാം വീയൂസ് മാപ്പിപ്പാ പ്രവുസരചിത്തും ഫൻ-ംനു- പുണ്യവതിയെ പേർവിളിപ്പാൻ എഴുതിയ തിരുചെഴുത്തിൽനിന്നും തർജ്ജമ ചെയ്തിട്ടുള്ളതാകുന്നു. പുണ്യവതി മുഖവുരയായി പറഞ്ഞിരിക്കുന്ന വാക്യങ്ങൾ: "ഈശോ വാഴുക. എന്റെ ദൈവമെ! നിന്റെ മേലുള്ള സ്നേഹത്തെക്കുറിച്ചു മാത്രമാണ് ഞാൻ ഇതെഴുതുവാനുള്ള കല്പനക്കു വഴങ്ങുന്നത്. ഇതുവരെയും ഞാൻ വിസമ്മതിച്ചു നിന്നതിനെക്കുറിച്ചു മാപ്പ് അപേക്ഷിച്ചുകൊള്ളുന്നു. . . . . എന്റെ സുസ്നേഹമയായ ദൈവമെ! നിന്റെ ഏറ്റവും വലിയ സ്തുതിക്കും എന്റെ ലജ്ജക്കും വേണ്ടിയല്ലാതെ യാതൊന്നും എഴുതുവാൻ ഇനിക്കു സംഗതി വരരുതെ!" എന്നാകുന്നു. ഈശോമ്ശിഹാ തന്റെ തിരുഹൃദയ ഭക്തി ലോകത്തിൽ വരുത്തുന്നതിലെ കരുവായി തെരിഞ്ഞെടുത്ത ഈ ഭാഗ്യപ്പെട്ടവളുടെ ചരിത്രം സകലർക്കും ഉപകരിക്കുമെങ്കിലും, തിരുഹൃദയ ഭക്തിക്കാർക്കു പ്രത്യേക വിധത്തിൽ ഉപകാരപ്രദമാകുന്നു.

ക്കു ദൈവസ്വഭാവത്തിൽ അനാദിമുതൽ ഉണ്ടായിരിക്കുന്ന ദൈവമഹത്വത്താൽ തൽക്കാലം അടിയാന്റെ വേഷം ധരിച്ചിരിക്കുന്ന തന്നെ മഹിമപ്പെടുത്തണമെന്നപേക്ഷിക്കുന്നു. ഇതിനുള്ള സരണമായി അങ്ങേ തിരുശ്ശരീരം കഷ്ടാനുഭവത്തിന്റെ ശേഷം അക്ഷയം, ദീപ്തി, ചാലുത്വം, സൂക്ഷ്മം എന്നീ നാലു മാനുഷ്യ വരങ്ങളോടുകൂടെ ഉയിർത്തെഴുന്നേറ്റതുകൂടാതെ ഇപ്പോൾ സൂര്യനെക്കാളും മഹിമപ്രഭാവത്തിൽ തന്റെ പിതാവിന്റെ വലത്തുഭാഗത്തു ആത്മശരീരത്തോടെ എഴുന്നള്ളിയിരിക്കുന്നു. സകല മാലാഖാമാരാലും പരിശുദ്ധന്മാരാലും വണങ്ങി ആരാധിക്കപ്പെടുകയും ചെയ്യുന്നു. അപേക്ഷയുടെ കടശിഭാഗത്തിൽ തന്റെ ഈ മഹിമാക്ഷമഹിമയെ കാണുന്നതിനും അതിൽ ഓഹരിക്കാരാകുന്നതിനുംവേണ്ടി, തന്റെ ശിഷ്യരും ശേഷം വിശ്വാസികളും തന്നോടുകൂടി തുല്യമായ വിധത്തിൽ ഭാഗ്യപ്പെട്ട ഒരിടത്തിൽ സഹവസിച്ചിരുപ്പാൻ ഇടയാക്കേണമെന്നുള്ള തന്റെ ആഗ്രഹത്തെ വെളിപ്പെടുത്തുന്നു. അപേക്ഷയുടെ മദ്ധ്യഭാഗത്തിൽ, താൻ ലോകത്തിൽനിന്നു വാങ്ങിപോകുന്നതാകയാൽ ശിഷ്യഗണങ്ങളെ പിതാവിനു കയ്യാളിക്കയും പാപത്തിൽനിന്നു അവരെ കാത്തുകൊള്ളുന്നതിനു പ്രാർത്ഥിക്കയും ചെയ്യുന്നു. എന്നാൽ നമ്മുടെ കർത്താവു പലയിടങ്ങളിൽ നമ്മോടു അതി താല്പര്യമായി ഉപദേശിച്ചിട്ടുള്ളതും ഇപ്പോൾ പിതാവിനോടു പ്രത്യേക വിധത്തിൽ അപേക്ഷിക്കുന്നതുമായ ഒരു മുഖ്യ സംഗതി ഉപചി അഥവാ സ്നേഹബന്ധനമാണു, "പിതാവെ! നീ എന്നിലും ഞാൻ നിന്നിലും അകുന്നതുപോലെ എല്ലാവരും തമ്മിൽ ഒന്നായിരിക്കുന്നതിനു" താൻ പ്രാർത്ഥിക്കുന്നു. തന്റെ സ്നേഹിക്കപ്പെട്ട ശിഷ്യനായ വിശുദ്ധ യോഹന്നാൻ ഏവൻഗേലീസ്റ്റാ വയോധികനായി തീർന്ന ശേഷവും, "എന്റെ കുഞ്ഞുമക്കളെ!

ഒന്നാം അദ്ധ്യായം.

നമ്മുടെ പുണ്യവതിയുടെ പിറവി, ചെറുപ്രായത്തിൽ ലഭിച്ച അസ്സാമന്യ ദൈവ വരങ്ങൾ.

മർഗരീത്താ മറിയം അലക്കോക്ക് ഫ്രാൻസ് രാജ്യത്തിൽ ഓത്തൻ (Autun) രൂപതയിൽ ലോത്തുകോർട്ട് (Lauthecourt) എന്ന ഗ്രാമത്തിൽ ഭക്തിയുള്ള മാതാപിതാക്കന്മാരിൽനിന്നു ക്രിസ്തുവർഷം ൧൬൪൭-ൽ പിറന്നു. ചെറുപ്രായത്തിൽ തന്നെ മഹാ കീഴ്ഴ്മക്കുള്ള മനസ്സും, നിർമ്മല ജീവിതവും, പ്രായത്തിനു മേല്പെട്ട അടക്കൊതുക്കവും പ്രദർശിപ്പിച്ചിരുന്നു. ചെറുപ്രായത്തിൽ തന്നെ മാതാവിനു കേട്ടവരുത്താമെന്ന സകലവിധ കളികളിൽനിന്നും ഒഴിഞ്ഞുമാറി വീട്ടിൽ രഹസ്യ സ്ഥലങ്ങളെ തെരിഞ്ഞെടുത്തു ദൈവ മഹിമയുടെ മുമ്പാകെ മഹാ വണക്കത്തോടെ മുട്ടുകുത്തി നിന്നുകൊണ്ടു നമസ്കരിച്ചിരുന്നു, തന്റെ ഹൃദയത്തിൽ തോന്നിയിരുന്ന ഒരുവിധ രഹസ്യ ആകർഷണം മൂലമാണ് ഇവയൊക്കെ ചെയ്തിരുന്നതു്. ദൈവനന്മയുടെ ഈ വിധ ആകർഷണത്താൽ ചെറുപ്പത്തിൽ തന്നെ തന്റെ ഹൃദയത്തെ ദൈവത്തിനു കാഴ്ചവെക്കയും കന്യാവ്രത നേർച്ച നേരുകയുംചെയ്തു. ഒരു ദിവസം താൻ കുമ്പാനകണ്ടനാല്ലയിൽ, പട്ടക്കാരൻ തിരുശ്ശരീരവും തിരുച്ചോരയും എഴുന്നള്ളിച്ചുയർത്തുന്ന സമയത്തു ഈ കന്യാവ്രത നേർച്ച ചെയ്തതായും, ഈ നേർച്ച എന്താണെന്നു തനിക്കു അപ്പോൾ പൂർണ്ണ അറിവില്ലായിരുന്നുവെന്നും താൻ തന്നെ എഴുതിവച്ചിരിക്കുന്നു. തനിക്കു തിരിച്ചറിവുണ്ടായപ്പോൾ തന്നെ പാപത്തിന്മേൽ മഹാ പേടിയും വെറുപ്പും ദൈവം ഹൃദയത്തിൽ തോന്നിച്ചതിനാൽ, ഏതെങ്കിലും കായ്ം ചെയ്യുന്ന സമയത്തു അതു പാപമാണെന്നു കേട്ടാൽ ഉടനെ അതു ഉപേക്ഷിച്ചിരുന്നുഎന്നും എഴുതിവച്ചിരിക്കുന്നു.

നമ്മുടെ പുണ്യവതിക്കു ചെറുപ്പത്തിൽ തന്നെ പരിശുദ്ധ ദേവമാതാവിന്റെ മേൽ വിശേഷ ഭക്തിയുണ്ടായിരുന്നു. എല്ലാ ആവശ്യങ്ങളിലും ഈ അമ്മയുടെ സങ്കേതം നേടിയിരുന്നു. വെറും നിലത്തു മുട്ടുകുത്തിക്കൊണ്ടും, ഓരോ നന്മനിറഞ്ഞ മറിയത്തിന്നും കുനിഞ്ഞു നിലംമുത്തിക്കൊണ്ടും ജപമാല എത്തിച്ചു മാതാവിനു കാഴ്ചവെച്ചിരുന്നു.

നമ്മുടെ പുണ്യവതിക്കു ഉദ്ദേശം എട്ടു വയസ്സായപ്പോൾ ഔപ്പൻ മരിച്ചു. വിധവയായ അമ്മയും അഞ്ചു മക്കളും മാത്രമെ കുടുംബത്തിൽ ശേഷിച്ചൊള്ളു. അഞ്ചു മക്കളിൽ നമ്മുടെ പുണ്യവതി മാത്രമെ പെൺകുട്ടിയായിട്ടുണ്ടായിരുന്നുള്ളു. വീട്ടുകാരിൽനിന്നും അയൽവാസികളായ സാധുജനങ്ങളിൽനിന്നും കിട്ടിയ അറിവല്ലാതെ, വേറെ ഒരു വിധ പഠനവും ഈ പ്രായംവരെ തനിക്കു ലഭിച്ചില്ല. അതുകയാൽ ഒരു കന്യാസ്ത്രീമഠത്തിൽ പഠിപ്പാൻ അയക്കപ്പെട്ടു. അവിടെവച്ചു ഒമ്പതാമത്തെ വയസ്സിൽ ഉത്തമ ഭക്തിയോടെ ആദ്യകുമ്പാന കൈക്കൊള്ളുവാൻ കഴിച്ചു. ആ മഠത്തിൽ നിവസിച്ചിരുന്ന കന്യാസ്ത്രീകൾ ചെയ്തിരുന്ന ഭക്തികൃത്യങ്ങളെ താനും ചെയ്യുന്നതിനു വളരെ ആശിച്ചിരുന്നു. താനും ഒരു കന്യാസ്ത്രീ ആയിരുന്നെങ്കിൽ അവരിൽ ഒരുത്തിയെപ്പോലെ ഭക്തിയായി ജീവിക്കാമായിരുന്നല്ലൊ എന്നു മനസ്സിൽ കരുതിയിരുന്നു.

(തുടരും.)

IV. വി. മോനിക്കായുടെ അവസാന ആഗ്രഹം.

ഈ പുണ്യവതിയുടെ മകനായ അഗുസ്തീനോസു പുണ്യവാൻതന്നെ അമ്മയുടെ മരണവൃത്താന്തം എഴുതിയിരിക്കുന്നു. ഇവരിരുവരും ഇത്താല്യായിൽ നി

V. സകല അനുഗ്രഹങ്ങളുടെയും ഉറവയായ ഈശോയുടെ തിരുഹൃദയം.

(തുടർച്ച.)

ദൈവത്തിന്നിപ്പിനു് ഒത്തപോലെ പ്രവർത്തിക്കുന്നതിനു ഇനിയും തോന്നിക്കേതില്ലെന്നു പെയ്ററൻ രീതിയാനിച്ചു. കർത്തോലിക്കാ സഭയിലേക്കുള്ള തന്റെ അതിശയപ്രവേശനത്തിനുള്ള ദിവസം നിശ്ചയിച്ചുകൊടുക്കണമെന്നു ഫാദർ റിഗ്സിനോടു അപേക്ഷിച്ചു. ഇതിൻപ്രകാരം ഫെബ്രുവരി ൨൫-൦തീയതി വി. മത്തിയാ ശ്ലീഹായുടെ തിരുനാളിൽ അവൾ പ. ക. മറിയത്തിന്റെ ഉപമെത്രാസന ദേവാലയത്തിൽ വച്ചു തന്റെ അബദ്ധ പാഷണ്ഡതകളെയെല്ലാം തൃജിച്ചു സ്ലോട്ട് ലണ്ടിലെ കിഴക്കൻ പ്രദേശങ്ങളുടെ വികാരി അപ്പസ്തോലിക്കയായ നി. വ. ദിവ്യശ്രീ ജീല്ലിസ് മെത്രാനാൽ കർത്തോലിക്കാസഭയുടെ വിശ്വാസമക്കളുടെ ഗണത്തിൽ കൈക്കൊള്ളപ്പെട്ടു. മ്ശിഹായുടെ മാധുര്യനുകത്തിനു കീഴടങ്ങി, അങ്ങെ ദിവ്യഹൃദയത്തിൽ സ്വരത്തെക്കേട്ട് എന്തുതന്നെ പോയ്വേണ്ടിവന്നാലും അങ്ങെ തിരുഹിതത്തിനൊത്തപോലെ നടന്നുകൊള്ളാമെന്നു അവൾ നിശ്ചയിച്ചു. മുൻ 'കർത്തോലിക്കാ' എന്ന നാമത്തോടുകൂടിയ സകലത്തേയും അത്യന്തം വെറുത്തു ദ്വേഷിച്ചിരുന്നയിവൾ തന്റെ മനസ്സുതിരിവിന്റെ ശേഷം ആ ദ്വേഷിക്കപ്പെട്ട സഭയുടെ ഒരു എളിയ അംഗമായി ഗണിക്കപ്പെടുന്നതു ഒരു വലിയ ഭാഗ്യമെന്നു കരുതിയിരുന്നു. മുൻ ഒരു മാന്യ സമുദായത്തിന്റെ ഒരു മാന്യ അംഗമായും, ഏതുയും നല്ലവരായ മാതാപിതാക്കളുടെ അജ്ഞാനസരണയുള്ള ഒരു പുത്രിയായും, ഒരു മാതൃകാഭർത്താവിന്റെ വാത്സല്യഭാര്യയായുമിരു

ന്നു അപ്രീക്കായിലേക്കു പുറപ്പെട്ട ഓസ്ട്രിയാ എന്ന പട്ടണത്തിൽ എത്തുകയിൽ അമ്മയായ വി. മോനിക്കായിക്കു ദീനം ശക്തിപ്പെട്ടു മരിക്കാറായി എന്നു കാണുകയിൽ ശ്ലൂ. അഗുസ്തീനോസിന്റെ സഹോദരൻ അ! എന്റെ അമ്മ ഈ പരദേശത്തിൽ വച്ചു മരിക്കാതെ സ്വദേശത്തിൽ വച്ചു മരിപ്പെങ്കിൽ കൊള്ളായിരുന്നു എന്നു പറഞ്ഞു. അതിനാൽ വി. മോനിക്കാ മകനെ നോക്കിക്കൊണ്ടു "എന്റെ പ്രിയ മകനെ! നിങ്ങൾ എന്റെ ശരീരത്തേക്കുറിച്ചു ഒന്നും വിചാരിക്കണ്ടാ" നിങ്ങൾക്കു ഇഷ്ടമുള്ളിടത്തു അതിനെ അടക്കുവിൻ. കർത്താവിന്റെ ബലിപീഠത്തിങ്കൽവച്ചു നിങ്ങൾ എല്ലായ്പോഴും എന്റെ ആത്മാവിനെ കാക്കുവിൻ എന്നു മാത്രമെ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നുള്ളു എന്നുത്തരമായി പറഞ്ഞു. അതുകയാൽ വി. മോനിക്കാ ക്ഷോഷമായി കവരടക്കം ചെയ്യപ്പെടുന്നതിനോ, സ്മരണസ്തംഭം സ്ഥാപിക്കപ്പെടുന്നതിനോ ആഗ്രഹിച്ചില്ല. മനുഷ്യരുടെ പാപപരിഹാരത്തിനായി അർപ്പിക്കപ്പെടുന്ന ആ ദിവ്യപൂജയിൽ ഓർക്കണമെന്നു മാത്രമെ ആഗ്രഹിച്ചുള്ളു എന്തെന്നാൽ കാതൽ നോക്കിയാൽ സ്ലീവായിൽ രക്തം ചിന്തി നിത്യപിതാവിനു അർപ്പിച്ച പൂജയും രക്തം ചിന്തതെ തെരുണോസിൽ ദിവസേന അർപ്പിക്കുന്ന പൂജയും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. ഈ ദിവ്യപൂജയുടെ ഫലം പൂജ അണയ്ക്കുന്ന പട്ടക്കാരനിൽനിന്നല്ല വരുന്നതു പിന്നെയൊ നമ്മുടെ ദിവ്യരക്ഷിതാവിൽ നിന്നത്രെ വരുന്നതു്. അതുകയാൽ മരിച്ചവർക്കുവേണ്ടി ചൊല്ലിക്കുന്ന ദിവ്യപൂജയുടെ ഫലം ഒരിക്കലും നഷ്ടമായിപ്പോകയില്ല.

ന്ന ഇവൾ തന്റെ അബദ്ധ പഠനങ്ങളെ തൃജിച്ചശേഷം ബന്ധുമിത്രങ്ങളാൽ ദ്വേഷിച്ചു നിന്ദിക്കപ്പെട്ട് ഏകാകിനിയായി വെറുത്തു തള്ളപ്പെട്ടിരുന്നു. എങ്കിലും കത്തോലിക്കവിശ്വാസം ലഭിച്ചതിനാൽ തനിക്കു സമസ്തവും ലഭിച്ചിരിക്കുന്നുവെന്ന കരുതി, ദൈവത്തിൽ ആശ്രയിച്ച്, അങ്ങെ തിരുമനസ്സിനു കീഴ് വഴങ്ങിക്കൊണ്ട് ഭാഗ്യമായി ജീവിച്ചിരുന്നു.

പേയ്റാൻ സത്യസഭയിൽ പരസ്യമായി പ്രവേശിച്ചിട്ട് അധികം താമസിയാതെ, ഡബ്ളിനിൽ തന്റെ മാതാപിതാക്കളുടെ പക്കലേക്കു പിന്തിരിഞ്ഞു. തനിക്കു സംഭവിച്ചവകളുടെ വിവരങ്ങളെല്ലാം ഇവക്കുമുമ്പുകൂട്ടിത്തന്നെ എഴുതി അയച്ചിട്ടുണ്ടായിരുന്നു. എന്തെന്നാൽ താൻതിരികെഡബ്ളിനിൽ എത്തുന്നതിനുമുമ്പായി തന്റെ മനസ്സുതിരിവിനെക്കുറിച്ചു അവരെ അറിയിച്ചാൽ അവർക്കു തന്റെ നേരെ അത്രതന്നെ വിരോധം ഉണ്ടായിരിക്കയില്ലെന്നു അവൾ വിചാരിച്ചിരുന്നു. എന്നാൽ ഇതിൽ അവൾക്കു തെറ്റിപ്പോയി. എന്തെന്നാൽ എത്രയും വലിയ കോപത്തോടും വെറുപ്പോടും കൂടിയതെ അവർ ഇവളെ വീട്ടിൽ കൈക്കൊണ്ടുള്ളു. സ്വന്തമാതാപിതാക്കൾ ക്രൂടെയും ഇവളെ വെറുത്തു തള്ളിയിരുന്നു. ഇവളെ ആക്ഷേപിക്കയൊ, നിന്ദിക്കയൊ ചെയ്യാനല്ലാതെ ഇവളോടു സംസാരിപ്പാൻ ഇവളുടെ സംബന്ധികളിൽ യാതൊരുത്തനുക്രൂടെയും അവർ അനുവദിച്ചിരുന്നില്ല. ഇവൾക്കു മൂന്നു മക്കളുണ്ടായിരുന്നു. ഇവർക്രൂടെയും, ഇവരുടെ പിതാവു ഇൻഡ്യയിൽനിന്നും ഇവരുടെ വളർത്തലിനെ സംബന്ധിച്ചു എഴുതി അയയ്ക്കുന്നതുവരെ, അവളിൽ നിന്നു അകറ്റപ്പെട്ടു. ചില പരിചിതർ ഇവളുടെ ഈ സ്ഥിതികണ്ട്, നാടുവിട്ടു മക്കളോടുക്രൂടെ പ്രാൻസിലേക്കു പോകുന്നതിനുപദേശിച്ചു. എന്നാൽ ഇതുതന്നെയെളുപ്പത്തിൽ സാധിക്കാവതല്ലായിരുന്നു. എന്തെന്നാൽ ഇവളുടെ ബന്ധുമിത്രങ്ങൾക്കു ഡബ്ളിനിൽ വലിയ സ്വാധീനമുണ്ടായിരുന്നതിനാൽ, ഇവളെ നല്ലപോലെ കാത്തു സൂക്ഷിക്കുന്നതുകൊണ്ടാണ് അവർ വേണ്ട ഏർപ്പാടുകളൊക്കയും ചെയ്തിരുന്നു. ഈ നാളുകളിൽ ഇവൾ സഹിച്ചവകളെന്തെല്ലാമെന്നു ദൈവത്തിനുമാത്രമെ പൂർണ്ണമായി അറിഞ്ഞുകൂടൂ. എങ്കിലും അന്നു സിറ്റി സർജൻജനറലായിരുന്ന ജെനീവ എന്ന സ്ഥലത്തെ വികാരിയായിരുന്ന (പിൻകാലങ്ങളിൽ ഒരു പ്രസിദ്ധമെത്രാനും, കർദ്ദിനാളും ആയിത്തീർന്ന) മോൻസിഞ്ഞോർ മേർ മിഴ്ലൊഡ് (Mgr Mermillod) എന്ന പന്ത്രു ദേഹത്തിനു്, വളർന്ന നാളുകളുടെശേഷം ഇവൾ അയച്ച ഒരെഴുത്തിൽ നിന്നു അവളുടെ ദുഃഖാരിഷ്ടതകൾ എന്തെല്ലാമായിരുന്നുവെന്നു ഒരു വിധം ഗ്രഹിപ്പാൻ പാടുണ്ടു്.

ടി. എഴുത്തു ഇപ്രകാരമായിരുന്നു. "എന്റെ പിതാവിന്റെ വീട്ടിൽ താമസിക്കുന്നതിനു ഞാൻ അയോഗ്യയായി വിചാരിക്കപ്പെട്ടിരുന്നതിനാൽ അവർ ഇനിക്കു വാടകയ്ക്കു തന്ന ഒരു വാസസ്ഥലത്തു എന്റെ മക്കളിൽ നിന്നു വേർതിരിഞ്ഞു ഞാൻ എങ്ങിനെ പാർത്തുവെന്നും മറ്റും അങ്ങുന്നു അറിഞ്ഞിട്ടുണ്ടല്ലൊ. എന്റെ കുട്ടികളെ എനിക്കു തിരികെ തരണമൊ അതൊ, അവരുടെ അവരുടെ മാതാവിന്റെ പക്കൽ നിന്നു ദൂരയകറ്റി അവളുടെ നാമത്തേയും വേദത്തേയും ശപിക്കത്തക്കവണ്ണം പഠിപ്പിച്ചു വളർത്തുന്നതിനു ഏർപ്പാടു ചെയ്യണമൊ എന്ന വിവരത്തിനു എന്റെ ഭർത്താവു ഇൻഡ്യയിൽ നിന്നു ഒരു തീരുമാനം ചെയ്യുകയുന്നതുവരെ ഞാൻ ഈ സ്ഥിതിയിൽ തന്നെ പാർപ്പാൻ അവരെന്നോടു ആജ്ഞാപിച്ചു. ദൈവപരിപാലനയുടെ ഒരു പ്രത്യേകാദരവാൽ എന്റെ പ്രോട്ട

സ്റ്റൻറ മതത്യാഗത്തെപ്പററി വിവരിച്ചിരുന്ന എഴുത്തു കൈപ്പററുന്നതിനു കുറെ ദിവസങ്ങൾക്കു മുമ്പു എൻെറ വാത്സല്യഭർത്താവു ഇൻഡ്യയിൽ വച്ചു ചരമഗതിയെ പ്രാപിച്ചു. എൻെറ മാതാപിതാക്കൾ അകസ്മികമായ ഈ മരണവർത്തമാനം കേട്ടു ഭയന്നു, ഇതു ഒരു ദൈവശിക്ഷയോലെയിരിക്കുന്നുവല്ലോയെന്നു വിചാരിച്ചു് എൻെറ ദുഃഖാധിക്യത്തെ സ്വല്പം ശമിപ്പിക്കുന്നതിന്നായി എൻെറ മക്കളെ ഇനിസ്സുവിട്ടു തന്നു. എങ്കിലും ഇതു എല്ലായ്പോഴേക്കുമായിട്ടല്ലായിരുന്നു പിന്നെയൊ അവർ വിവേചനാശക്തി പ്രാപിച്ചു എൻെറ തെറുകളുടെ ഓഹരിക്കാരാകുമെന്നു ഭയപ്പെടേണ്ടകാലം വരുന്നതുവരെക്കും മാത്രം എന്നുപറഞ്ഞുകൊണ്ടത്രെ. ഇതിനാൽ ഇതിൻെറ ശേഷം അധികം താമസിയാതെതന്നെ എൻെറ പ്രഥമപുത്രനെ എന്നിൽനിന്നു മാറേറണ്ടതു തൻെറ കടമയാകുന്നുവെന്നു എൻെറ ഭർത്തൃപിതാവു എന്നോടു അറിയിച്ചു. ഇതിൻെറ കാരണമായി ദിവ്യകാരുണ്യത്തെ സംബന്ധിച്ചുള്ള കത്തോലിക്ക പഠിനത്തിൽ വിശ്വസിക്കുന്നതിനുള്ള ഒരുവിധ ചാച്ചിൽ അവൻ കാണിച്ചുവെന്നതെ അയാൾ പറഞ്ഞതു്. ആ നാളുകളിൽ ശരീരസുഖം തുലോം കുറവായിരുന്നതിനാൽ ഈ നവമായ ദുഃഖത്തെ സഹിച്ചുകൊണ്ടു ഞാൻ അധിക നാൾ ജീവിക്കയില്ലെന്നു പലതും വിചാരിച്ചിരുന്നു. എന്നാൽ എൻെറ സ്നേഹിതരുടെ ഉപദേശാനുസരണം നാട്ടിവിട്ടു മക്കളോടുകൂടെ പ്രാൻസിലേക്കു പോകയെന്നതും അസാദ്ധ്യമെന്നു തോന്നിയിരുന്നു. ഈവിധ ഒരാലോചനയെ പ്രകൃത്യാ നിറവേറുവാനുതകുന്നതു ഒരുവിധപ്രത്യക്ഷമെന്നു പറയേണ്ടിയിരുന്നു. എന്തെന്നാൽ അനുദിനം എൻെറ ബന്ധുമിത്രങ്ങൾ പലപ്രാവശ്യം എന്നെ സന്ദർശിച്ചിരുന്നു. ഇതുമല്ല യാത്ര പുറപ്പെടുന്നതിന്നായി ഒരു കപ്പൽ കയറാൻ പോകുമെങ്കിൽ എൻെറ ഭർത്തൃപിതാവിൻെറ വീട്ടിൽ സമിപെക്കുടെ കടന്നു പോകേണ്ടിയിരുന്നു. ക്രൂരതയും യാത്രക്കാരുടേയും കപ്പലുകളുടേയും പുറപ്പാടു കാണുന്നതിന്നായി ഇദ്ദേഹം പ്രതിദിനം ബതാറിലേക്കു (Quay) സവാരി ചെയ്യാൻ പോയിരുന്നു. എന്നാൽ ഇവയ്ക്കും പുറമെ എൻെറ പിതാവു പട്ടണമജിസ്ത്രേട്ടായിരുന്നതിനാൽ ഒരു ചെറിയ കല്പന പുറപ്പെടുവിച്ചുകൊണ്ടു എന്നെ വിടാതെ തടയുന്നതിന്നു അദ്ദേഹത്തിന്നു അധികാരമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ കല്പനയ്ക്കു കീഴ്വഴങ്ങുന്നതിന്നു വിസമ്മതം കാണിച്ചാൽ കോടതിയെ അപമാനിച്ചുവെന്ന കുറത്തിന്മേൽ ഞാൻ കാരാഗ്രഹത്തിൽ ഇടപ്പെട്ടുമെന്നുള്ള ആപത്തിൽ ഉൾപ്പെടുകയും ചെയ്യുമായിരുന്നു. (തുടരും.)

ﻟﺤﺒﻴﺒﻲ .ﺯ

VI. എ. പെ. പെ. ബ.

കൊടുങ്ങല്ലൂർ രൂപതയുടെ കരിയാട്ടിൽ മാർ യൌസപ്പു മെത്രാപ്പോലീത്താ അവർകളുടെ ഇടവകയ്ക്കുള്ള പടിസാധനത്തിൻെറ

പേപ്പു്.

ആയതുകൊണ്ടു, തമ്പുരാൻെറ മനോഗുണത്താൽ തമ്പുരാൻ നിങ്ങൾക്കു തന്ന സ്ഥാനം എല്ലാപ്പോഴും ധ്യാനിച്ചുകൊള്ളുകയും വേണം. ആയതല്ലെങ്കിൽ രാജനിർവ്വായോടുകൂടെ കയ്പുള്ള കണ്ണുനീരുകളാൽ ചൊല്ലേണ്ടിവരും ഇപ്രകാരം: മാനുഷൻ പുത്രൻ തൻെറ ബഹുമാനം തിരിച്ചറിയാതെ ബുദ്ധിയില്ലാത്ത മൃഗങ്ങൾക്കു തുല്യമായി അതിനു സദൃശപ്പെട്ട എന്നു്. അതെന്തെന്നാൽ നിങ്ങളിൽ ആരാനും ദിവസംതോറും നിങ്ങളിൽ ഓരോരുത്തൽ തൻെറ കൈകൾ കൊണ്ടു എടുക്കുന്ന രഹസ്യങ്ങളിന്മേൽ അല്പം ഓർത്തുവിചാരിക്കുമെങ്കിൽ ഇവൻ എത്രവലിയ ബഹുമാനത്തിലും സ്ഥാനത്തിലും പൂഫാദ്ക്കദ്ശായുടെ മനോഗുണത്താൽ പട്ടക്കാർ

യോഗ്യരായിരിക്കുന്ന എന്നു നന്നായി തിരിച്ചറികയും ചെയ്യും.

അതെന്തെന്നാൽ, ഉപവിയാകപ്പെട്ടവരെ! മാലാഖാമാർ തന്നെ സൃക്ഷിക്കുമ്പോൾ ഭയപ്പെട്ടകയും ആകാശത്തിന്റെ തുണകൾ തന്റെ തിരുമുമ്പിൽ വിറക്കുകയും തന്നിൽനിന്നു പുറപ്പെട്ടന്ന പ്രകാരത്തേക്കുറിച്ചു തന്നിൽ സൂക്ഷിപ്പാൻ ക്രോവെന്മാർ ശങ്കിക്കയും തന്നെ അടക്കിക്കൊള്ളുവാൻ ആകാശങ്ങൾക്കു വശമില്ലാതിരിക്കയും ചെയ്യുന്ന ഉടയവനെത്തന്നെ ദിവസംതോറും നിങ്ങളുടെ കൈകൾകൊണ്ടു തൊടുകയും നിങ്ങളുടെ മനസ്സുപോലെ തന്നെ പകുക്കയും, എന്നതന്നെയുമല്ല, നിങ്ങളുടെ ഉള്ളിൽ തന്നെ കൈക്കൊള്ളുകയുമല്ലൊ ചെയ്യുന്നതു്. അയ്യൊ എന്റെ തമ്പുരാനെ! സർവ്വതും വശമാകുന്ന തമ്പുരാന്റെ പുത്രന്റെ ശരീരം ദിവസംതോറും നിങ്ങൾ തിന്നുകയും തന്റെ ചോരകുടിക്കുകയും തന്നോടു നിങ്ങൾ ചേരുകയും പട്ടാഗയായ തമ്പുരാനും പട്ടാംഗയായ മാനുഷനും ആകുന്ന മിശിഹായോടു ഒരു ശരീരവും ചോരയുമായി ചമയുകയും അല്ലൊ ആകുന്നു. ആകാശങ്ങളെ നിങ്ങൾ കേട്ടു ഭയപ്പെടുവിൻ! തന്റെ ശുദ്ധമാന ശരീരം കൊണ്ടു പട്ടക്കാരെ സംപൂർണ്ണപ്പെടുത്തുകയും മടുപ്പുതോന്നാതെകണ്ടു തന്നെത്തന്നെ അവർക്കുകൊടുക്കയുമത്രെ ചെയ്യുന്നതു്. അപ്പൊഴൊ, ഉപവിയാകപ്പെട്ട ജേഷ്ഠാനുജന്മാരായ പട്ടക്കാരെ! നിങ്ങളോടു നാം അപേക്ഷിക്കുന്നു: നിങ്ങൾ സൂക്ഷിപ്പിൻ, അതെന്തെന്നാൽ മരിച്ചവന്റെ ശരീരം അടക്കിയ കവറു സ്തുതിക്കപ്പെട്ടതായിരുന്നുവെങ്കിൽ മരിച്ചവരുടെ ഇടയിൽ നിന്നുയിർത്ത തമ്പുരാന്റെ പുത്രൻ നിത്യവും കുടിയിരിക്കുന്ന ശരീരങ്ങൾ എത്രസ്തുതിക്കപ്പെട്ടതായിരിക്കണം. വിശേഷിച്ചും ഒമ്പതുമാസം തന്നെ ചുമന്ന വയർ ഭാഗ്യപ്പെട്ടതാകുന്നുവെങ്കിൽ നിത്യവും തമ്പുരാന്റെ പുത്രനെ കുടിയിരിപ്പിടമായിരിക്കുന്ന നിങ്ങളുടെ ഹൃദയങ്ങൾ എത്ര ഏറ്റം ഭാഗ്യപ്പെട്ടതായിരിക്കയും വേണം. താൻ ഉണ്ണിയായിരുന്നപ്പോൾ കുടിച്ച മുലകൾ ഭാഗ്യപ്പെട്ടതാകുന്നുവെങ്കിൽ തന്റെ ശരീരം തിന്നുകയും ചോര കുടിക്കയും ചെയ്യുന്ന വായ് എത്ര ഭാഗ്യപ്പെട്ടതായിരിപ്പാൻ ദിക്കുതിയായിരിക്കുന്നു. അപ്പൊഴൊ ഉപവിയാകപ്പെട്ടവരെ! ആകാശത്തിൽ നിന്നു കുത്താവിനെ വിളിക്കുന്ന വായ് തന്നോടു മറുത്തു പറയാതിരിപ്പാനും തന്റെ ചോരയിൽ നനയുന്ന കൈകൾ ദോഷങ്ങളുടെ ചെളിയിൽ കുഷ്മാകാതെ ഇരിപ്പാനും നന്നായി ശ്രമിക്കയും വേണം. ഇതുമെന്നു മാലാഖാമാക്കും രേത്തുമാലാഖാമാക്കും കൊടുത്തിട്ടില്ലാത്ത മുഷ്ടുരതപം നിങ്ങൾക്കു തന്നിരിക്കയും ചെയ്യുന്നു. അതെന്തെന്നാൽ ഭൂമിയിൽ നിങ്ങൾ കെട്ടുന്നതൊക്കെയും ആകാശത്തിൽ കെട്ടപ്പെട്ടതാകുമെന്നും ഭൂമിയിൽ നിങ്ങൾ അഴിക്കുന്നതൊക്കയും ആകാശത്തിൽ അഴിയപ്പെട്ടതാകുമെന്നും ഒരുനാളും മാലഖാമാരൊടു ചൊല്ലപ്പെട്ടതുമില്ല. അപ്പൊഴൊ മേൽ പറയപ്പെട്ട ഈ മൊഴികൾ നിങ്ങളോടു ചൊല്ലപ്പെട്ടതിനാലെ ആകാശത്തിനടുത്തതൊക്കയുടെയും മുഷ്ടുരതപം നിങ്ങൾക്കു തന്നിരിക്കയും ചെയ്യുന്നു. ഭൂമിയിൽ നിങ്ങൾ വിധിക്കുന്ന വിധിക്കു തക്ക വണ്ണം കുത്താവും ചേർന്നുകൊണ്ടു്, അയതിനെ ഉറപ്പിക്കയും താഴപ്പെട്ടവരിൽ നിങ്ങൾ വിധിക്കുന്നതാക്കയും താൻ ഉയരങ്ങളിൽ സമാപ്തി വരുത്തുകയും ചെയ്യുന്നു. അപ്പൊഴൊ ഇതിനെക്കായിൽ മുഷ്ടുരതപം ഏതൊരു വസ്തുവാകുന്നു! സർവ്വതും വശമാകുന്ന ബാവാ മുഷ്ടുരതപമൊക്കയും പുത്രനുകൊടുത്തു. ഈ മുഷ്ടുരതപം തന്നെ ഏകദേശം തന്റെ പട്ടക്കാക്കു പുത്രൻ കൊടുത്തിരിക്കുന്നു എന്നു നാം കാണുകയും ചെയ്യുന്നു. ഇതിനെക്കൊണ്ടു ക്രിസൊസ്തോമ്മോസു പറയുന്നു: ഏകദേശം ആകാശത്തുംകലോളം പട്ടക്കാരെ ഉയർത്തി, മാനുഷസ്വഭാവത്തിനുമീതെ അവരെ വച്ചു ഈ തലസ്ഥാനം അവർക്കുകൊടുക്കയും ചെയ്തു എന്നു്.

അപ്പൊഴൊ എന്റെ ഉപവിയാകപ്പെട്ട പട്ടക്കാരെ! ഇവ നിങ്ങളോടും നാം അറിയിക്കുന്നതു നിങ്ങളുടെ കീർത്തിമേലും ഗുണത്തിനുമേലും നാം സംശയിക്കുന്നതിനെക്കൊണ്ടല്ല പിന്നെയൊ നിങ്ങളുടെമേലുള്ള നമ്മുടെ സ്നേഹത്തിന്റെ അടയാളം കാട്ടുവാനും നമ്മുടെ ക്ലേശത്തിന്റെയും ശ്രമത്തിന്റെയും ക്രൂ നിങ്ങൾ പരസ്യപ്പെടുത്തിക്കൊണ്ടു നമ്മുടെ കടം തിക്കുവാനുമത്രെ ആകുന്നു. അതുതകൊണ്ടു നിങ്ങളതിനെ കാപ്പാനും നിങ്ങളോടു നാം അറിയിപ്പാനും ഇതിൽ അനുഗ്രഹം ഒട്ടുക്കുടാതെ ആകാത്ത നടപടികളുടെ ബഹുവിധത്താൽ തന്റെ

ഉള്ളുകുത്തിമുറിച്ചതിനെക്കൊണ്ടു തന്റെ ✻ .... പാരം അധികമാകയും ചെയ്തു. അതെന്തെന്നാൽ എല്ലായിടത്തും വിശ്വാസമില്ലാത്ത കാവൂരിൽ നിന്നു അതിനു നിരപ്പു, അരിൻവണ്ണം തന്നെ ഇടത്തുട്ടുകാരിൽ നിന്നും ജോനകരിൽ നിന്നും അതിനു നിരപ്പു. എന്നാൽ തന്റെ മക്കളിൽ നിന്നു ഒട്ടും നിരപ്പു അരിനില്ലതാനും. ഇതിനെക്കൊണ്ടു എത്രയും ദുഃഖം നിറഞ്ഞ കണ്ണുനീരുകളാലെ താൻ ചൊല്ലുന്ന മൊഴികളാകുന്നതു്: മക്കളെ ഞാൻ വളർത്തി, ഞാൻ ഉയർത്തി എന്നാൽ അവരെന്നെ നിന്ദിച്ചുവെന്നു. അതായതു എന്റെ തമ്പുരാന്റെ പ്രമാണങ്ങൾ അതിക്രമിക്കുന്നതിനാലെയും ദൈവകല്പനകളും മാനുഷപ്രമാണങ്ങളും നിരാസിക്കുന്നതിനാലെയും ശുദ്ധമാകപ്പെട്ട വസ്തുക്കൾ ചവിട്ടുന്നതിനാലെയും എന്നെ നിന്ദിക്കയും, ഇങ്ങിനെ എന്റെ മക്കൾ അകാര്യത്തേടുംകൊണ്ടു കഷ്ടമായ കച്ചവടവും വല്ലാത്ത കൈകാര്യവുംകൊണ്ടും വെള്ളം നില്പാൻ വശമില്ലാത്ത പൊട്ടക്കിണറുകൾ തങ്ങൾക്കു ഉണ്ടാക്കുകകൊണ്ടു സ്വതന്ത്രം വശമാകുന്നവന്റെ കൺവെട്ടത്തിങ്കൽ ദുഷിക്കപ്പെട്ടവരാകയും ചെയ്യുന്നുഎന്നു.

അപ്പൊഴൊ എന്റെ ഉപവിയാകപ്പെട്ടവരെ! മനോദുഃഖത്താലെയും ശ്ലീഹന്മ്മേട്ടത്ത നിലവിളികളാലെയും കർത്താവിൻപക്കൽ തിരിഞ്ഞു തികയപ്പെട്ട വിശ്വാസത്തോടും പ്രത്യേകമുള്ള ശരണത്തോടുംകൂടെ കർത്താവെ! ഞങ്ങളെ രക്ഷിക്ക ഞങ്ങൾ നശിക്കുന്നു എന്നു ചൊല്ലുകയും വേണം. വിശേഷിച്ചും നമ്മുടെ അഗ്രഹങ്ങളോടുകൂടെ നിങ്ങളുടെയും കണ്ണുനീരുകൾ കൂടി സ്വതന്ത്രം വശമാകുന്നവൻ അനുഗ്രഹിച്ചു നമ്മുടെ നേരെയും നമ്മുടെ കണ്ണുനീരുകളുടെ നേരെയും സൂക്ഷിക്കുന്നതുകൂടുന്നതുകൊണ്ടും നിങ്ങൾ ശ്രമിപ്പിൻ. അയ്യൊ നമ്മുടെ ഉപവിയാകപ്പെട്ടവരെ! നല്ലവണ്ണം കർത്താവിൻപക്കൽ നാം തിരിഞ്ഞുവെങ്കിൽ നന്നായിരുന്നു. അതെന്തെന്നാൽ അപ്പോൾ അറിവുള്ളതും തന്റെ പ്രമാണങ്ങളൊക്കെയും ശക്തിയോടുകൂടെ കാപ്പാൻ ആസ്ഥമായതുമായ മനസ്സു നമുക്കു തരികയും ചെയ്യും. എല്ലാപ്രകാരത്താലും ചതുകെട്ടിരിക്കുന്ന വിശ്വാസം നമ്മിൽ ഉയിർത്തുകയറി ഏവൻഗോലിക്കടുത്ത മേച്ചിൽപുറത്തു തന്റെ ആടുമാടുകളെ മേയ്ക്കുന്നതിനു തന്റെ തിരുമനസ്സു ചെയ്യുന്ന ഇടയന്മാരെ യാത്രയാക്കുകയും ചെയ്യും. അപ്പോൾ പൂർവന്മാരുടെ കാലത്തിലുള്ള മാർഗ്ഗവന്ദന വീണ്ടുംകൊടുക്കയും നസ്രാണികൾക്കുടുത്ത സുകൃതങ്ങൾ പ്രകാശിക്കയും തമ്മിൽതമ്മിലുള്ള മനോരഞ്ജനയാൽ നിരപ്പും അടക്കവും എല്ലായിടത്തും വർദ്ധിക്കയും അകമാനത്തിന്നടുത്ത ഗുണം വളരുകയും ചെയ്യും. അയതു സ്വതന്ത്രം വശമാകുന്നവനും മനോഹരണം നിറഞ്ഞവനും അകുന്ന തമ്പുരാൻ തന്റെ അനുഗ്രഹത്താലെ നമുക്കു തരുവാൻ മനസ്സൊക്കെയുംകൊണ്ടു നാം അപേക്ഷിക്കയും ചെയ്യുന്നു.

വിശേഷിച്ചും നിങ്ങളെപ്രതി നമുക്കുണ്ടായ ഗുണമൊക്കയിന്മേൽ സൂക്ഷിച്ചുകൊണ്ടാൽ നന്മകളൊക്കയുടെയും ഉടയവനായ തമ്പുരാൻ കഴിഞ്ഞാൽ ആസ്പാളക്കയുടെയും ഉടയനാഥയും നമ്മുടെ മലങ്കരയ്ക്കും നമ്മുടെ ജാതിക്കും മനോഹരണം ചെയ്യുന്നവരുമായിരിക്കുന്ന പോർത്തുഗാൽ രാജ്യത്തിന്റെ രാജസ്ത്രീയത്തെ അതിനെ തന്നിരിക്കുന്നു എന്നു നാം അറികയും ചെയ്യുന്നു. അയതുകൊണ്ടു അവരോടു തന്നെ മുട്ടിപ്പായി അപേക്ഷകളാലെയും ഉരുപ്പുകളാലെയും സഭ്യപ്പെട്ടുകൊണ്ടു എത്രയും വേഗം ശേഷമുള്ള കായ്ങ്ങളും തീർത്തു നമുക്കുള്ളവരുടെ പക്കലും നമ്മുടെ ഇരിപ്പിടത്തിന്നും നമ്മെ അയക്കുവാൻ അപേക്ഷിക്കയും ചെയ്യുന്നു. വിശേഷിച്ചും ഇനിയും ഇവിടെ നമുക്കുള്ള കായ്ങ്ങൾ അതിനാൽ തന്നെ സൂക്ഷിച്ചുകൊണ്ടാൽ വലിയ കായ്ങ്ങളാകുന്നുവെങ്കിലും എത്രയും വിശ്വാസമുള്ള രാജസ്ത്രീക്കു തമ്പുരാന്റെ നേരെയുള്ള ഭക്തിമയും അവരുടെ കായ്ക്കാരന്മാരുടെ ഗുണവും നാമെല്ലാവരുടെയും നേരെ അവർക്കുള്ള കടാക്ഷവും സൂക്ഷിച്ചുകൊണ്ടാൽ എത്രയും സുരമായതെന്നു നിനയ്ക്കുമാം. അയതുകൊണ്ടു നമ്മുടെ സ്നേഹപ്പെട്ടവരായി നിങ്ങളുടെ പക്കൽ വേഗം വരുവാൻ സംഗതിവരുമെന്നു വെച്ചുയായി വിചാരിക്കയും ഏകരപ്പെട്ട തമ്പുരാന്റെ പട്ടക്കാരെ! നിങ്ങളും തമ്പുരാന്റെ പള്ളിയിൽ പട്ടാഗ്യമുള്ള ഗുണം അടിസ്ഥാനവുംപോലെ നിങ്ങളായിരുന്നതിനെക്കാണ്ടു നിങ്ങളുടെ ചിറാഴ്മയുടെ പെരുമയും അയതിനുവേണ്ടി മാന

✻ ഇവിടെ ഒരുവാക്കു തിരിയുന്നില്ല.

ഷരിൽ നിന്നു നിങ്ങളെ വേർതിരിച്ചു മാനുഷരുടെ ഇടയിൽ നിങ്ങളെ കല്പിച്ചിരിക്കുന്നുഎന്നും ഓർത്തുകൊണ്ടു ഇത്രവലിയ സ്ഥാനത്തിനും ചിറ്റാഴ്മക്കും തക്കവണ്ണം വ്യാപരിപ്പാൻ നിങ്ങളോടു നാം അപേക്ഷിക്കയും സാക്ഷിക്കയും ചെയ്യുന്നു. ആയതിനു പണ്ടുകഴിഞ്ഞ യുഗങ്ങളെ ഓർമ്മയുടെ ശക്തിയാൽ നിങ്ങളുടെ മനസ്സിൽ വരുത്തുമെങ്കിൽ പാരം നന്നായിരിക്കയും ചെയ്യും. അതെന്തെന്നാൽ പഴയകാലങ്ങളിൽ ഉണ്ടായിരുന്ന ഭാഗ്യക്കാരായ പട്ടക്കാർ ഉപവിയും നെറിവും മനുഷ്യരുടെ വെടിപ്പുംകൊണ്ടു ചമഞ്ഞുകൊണ്ടും പരമാർത്ഥവും എരിവും രക്ഷയുടെ പഠിത്തവും നിറയപ്പെട്ടുകൊണ്ടും മനോജ്ഞതയും പുണ്യവും പൂർണ്ണതേക്കുദ്ശായും പൂണ്ടുകൊണ്ടും തങ്ങളുടെ ചിറ്റാഴ്മതികൊണ്ടും ഉയരപ്പെട്ടവന്നു കൈക്കൊള്ളപ്പെട്ട പൂജകൾ ഭക്തിമയുള്ള മനസ്സോടുകൂടെ പഴയവരുടെ കല്പനക്കുതക്കവണ്ണം പൂജിക്കുമാറും ആയിരുന്നതുമല്ലാതെ ലോകരുടെ രക്ഷമേൽ ശക്തിയോടും മനസ്സൊക്കയോടും കൂടെ ശ്രമിച്ചുംകൊണ്ടു എന്നുനോക്കുമുള്ള പട്ടാംഗകൾ അവക്കു വെളിച്ചപ്പെടുത്തി ശുദ്ധമാനക്രമാശകളിൽ അടങ്ങിയിരിക്കുന്ന ദൈവദാനങ്ങളുടെ നിക്ഷേപങ്ങൾ വിശ്വാസത്തോടുകൂടെ ഭിക്ഷിതിക്കു തക്കവണ്ണം എല്ലാവർക്കും പകുത്തുകൊടുക്കയും ഇങ്ങിനെ നസ്രാണികളായ ലോകരുടെ ഇടയിൽ മല്പാന്മാരുടെയും ന്യായക്കാരുടെയും യജമാനന്മാരുടെയും സ്ഥാനം ചമഞ്ഞു ഒക്കയോടും ഭക്തിയോടും കൂടെ സുകൃതങ്ങളൊക്കയുടെ കണ്ടുപഠിത്തം കാട്ടിക്കൊണ്ടു നടത്തുകയും ചെയ്യുമാറായിരുന്നു. (തുടരും)

VII. പാപിക്കു സൽബുദ്ധി.

ഒരു പ്രഭു പാപവഴിയിൽ നടന്നുവരികയിൽ എത്രയും മനോഹരമായി ഒരു വീടു പണിയിച്ചു പണിക്കാരെ മൂന്നു ദിവസത്തിൽ പലരേയും വിളിച്ചുകൂട്ടി ഒരു വിരുന്നുകഴിച്ചു. വിരുന്നിൽ തിന്നുകുടിച്ചു സന്തോഷിച്ചിരിക്കെ വീട്ടിന്റെ പണി വിശേഷത്തെ കൂറിച്ചു മിക്കവരും പ്രശംസിച്ചു പറകയിൽ ഒരു നീതിമാൻ പറഞ്ഞതായതു്: പ്രഭുവിന്റെ ശയനഗൃഹത്തിന്റെ വാതിലിനു വിസ്താരം പോരാ. ഓരോരുത്തക്കു തനിയെത്തനിയെ പ്രവേശിക്കുന്നതിനെ ഇടയുള്ളു. അതു തക്കുതായ ഒരു കുറയുമാണു്. ഇതിനെ പ്രഭു കേട്ടിട്ടു രസക്ഷയത്തോടുകൂടി ഉത്തരം പറഞ്ഞു. എന്റെ മുറി പെരുവഴിയല്ല. ഓരോരുത്തൻ തനിത്തനിയെ മാത്രം പ്രവേശിച്ചാൽ മതിയാവോളിരിക്കുന്നു. അതു ഒരുപ്രകാരവും മതിയാകുന്നതല്ല. അങ്ങു ഒരു ദിവസം ഈ മുറിയിൽ കിടന്നു മരിക്കും. അപ്പോൾ പ്രേതമഞ്ചവുംകൊണ്ടു ഈ രണ്ടുപേർ നിരന്നിറങ്ങേണ്ടിവരും. ഇതു കേട്ടു ഒന്നു ഞെട്ടി കുറഞ്ഞൊന്നു വിചാരിച്ചിട്ടു ഉടൻതന്നെ സമസ്തവും ഉപേക്ഷിച്ചും വച്ചു ഒരു സന്യാസിമഠത്തിൽ പ്രവേശിച്ചുകൊണ്ടു ക്രമമായി ജീവിതം കഴിച്ചുകൂട്ടി. ഇതുപോലെ തന്നെ മറ്റൊരു സംഭവം കൂടി കേൾപ്പിൻ. ഒരു രാജാവു ദുർമ്മാർഗ്ഗത്തിൽ നടന്നുവന്നു എന്നതന്നെ അല്ല ലൌകിക സംഗതി ഇടപെട്ടല്ലാതെ ആത്മികകാര്യം ഇടപെട്ടയാതൊന്നും അയാളുടെ മുൻപാകെ വച്ചു പറയുന്നതിനു കൂടിയും സമ്മതിക്കാതെയും ഇരുന്നു. ഇങ്ങനെ ഇരിക്കെ വർള്ളം എന്ന പേരായ ഒരു ജ്ഞാനോപദേശി പെട്ടെന്നു രാജമന്ദിരത്തിൽ കടന്നുകൊണ്ടു പറഞ്ഞു: —

"മഹാരാജാവെ ഞാൻ ഒരു അതിശയം കണ്ടു." രാജാവോ എന്നാൽ തേളിഞ്ഞുകൊണ്ടു "എന്താണ്? ശീഘ്രം പറക തന്നെ" "വെ വെ, ഒരു അതിശയ മനുഷ്യനെ പന്നാവിൽ കൂടി വാരണം ഓടിച്ചുകൊണ്ടുവരികയിൽ പിടിപെടുമെന്നുള്ള ശങ്ക ജനിച്ചതിനാൽ മാർഗ്ഗം വിട്ടു കാട്ടിൽ ഓട്ടംഗഡുവിൽ കാൽ തവറി കിണറ്റിൽ വീണു. അതിന്റെ മദ്ധ്യഭാഗത്തുകൂടി ഒരു ഭാഗത്തുനിന്നു മറുഭാഗത്തേക്കു മൂന്നു വേരുകൾ ഓടീട്ടുണ്ടായിരുന്നതിനാൽ

അടിയിൽചെന്നു ചേരാതെ മദ്ധ്യഭാഗത്തിൽ തങ്ങി ഇരുന്നും അവൻ മേല്പോട്ടു നോക്കുകയിൽ അവനെ ഓടിച്ചുകൊണ്ടുവന്ന ആന ഈണ്ടി ഇടിച്ചിട്ടു കിണറു നികത്തി പിടിക്കുന്നതിനു ശ്രമിക്കുന്നതായും കീഴ്പോട്ടു നോക്കിയതിൽ സുപ്പുങ്കൾ കടിക്കുന്നതിന്നായി അവന്റെ അടുക്കലേക്കു കയറിവരുന്നതായും താൻ ഇരിക്കുന്ന വേരുകളെ സൂക്ഷിക്കയിൽ രണ്ടു വേരുകൾ കൊട്ടതായും കേടില്ലാത്ത വേരിന്റെ രണ്ടു അറവും ഒരു കാരലിയും ഒരു വെള്ളെലിയും കൂടി കരണ്ടു കരണ്ടു മുറിക്കുന്നതിനേയും കണ്ടു. ഈ സന്ദർഭത്തിൽ അവൻ തന്റെ തലയ്ക്കുമേൽ ഉണ്ടായിരുന്ന ഒരു തേൻക്രട്ടിൽനിന്നും ഓരോ തുള്ളി തേൻ വീഴുന്നതിനെ തൊട്ടനക്കിക്കൊണ്ടു സുഖേന ഇരിക്കയും ചെയ്യുന്നു."

രാജാവു അതിശയഭാവത്തോടെ "ഇങ്ങനത്തെ മടയൻ നമ്മുടെ നാട്ടകത്തുണ്ടോ? അവനെയിനിക്കു കാട്ടിത്തരണം" എന്നു ആ ഉപദേശിയോടു പറഞ്ഞപ്പോൾ അയാൾ രാജാവിന്റെ നേക്കു കൈ മുണ്ടിക്കൊണ്ടു 'ഉതാ' എന്നു പറഞ്ഞു. അപ്പോൾ "നീ പറയുന്നതു ഭോഷ്കാണ്. ഞാൻ വെളിയിലിറങ്ങുക അതുകൊണ്ടു ആന ഓടിക്കുകൊണ്ടു ഒന്നും ഉണ്ടായിട്ടില്ല" അതിന്നയാൾ പറയുന്നു. "രാജാവു ഭൂമിയിൽ പിറന്നപ്പോൾ തുടങ്ങി ബലവാനും ആരേയും ശങ്കിക്കാത്തവനും ആയ മരണം രാജാവിന്റെ പിന്നാലെ ഓടുന്നു. അവിടത്തെ ദുസ്തമായ നിമിത്തം നരകക്കുഴിയിൽ വീഴാറായിരിക്കുന്നു. ജീവൻപിരിയുന്ന താമസമെ ഉള്ളു. അതിന്നും താമസം ഇല്ല. വാതവും പിത്തവും രണ്ടു നാഡിയും കെട്ട അടിനിന്ന ശ്ലേഷ്മനാടിയിൽ മാത്രമാണ് ജീവൻ ഇരിക്കുന്നതു്. രാവും പകലുമായിരിക്കുന്ന കറുത്തെലിയും വെളുത്തെലിയും കൂടിയാണ് കരളുന്നതു്. രാവു മുപ്പതു നാഴിക കഴിയുമ്പോൾ അതുയും ആയുസ്സും കുറയും. പകലു മുപ്പതുനാഴിക കഴിയുമ്പോൾ അതുയും ആയുസ്സു കുറയും. ഇങ്ങനെ രാവും പകലും കടന്നു കടന്നു ആണ്ടു തികഞ്ഞു ഒടുവിൽ ആയുസ്സും അവസാനിക്കും. ഈ സംഗതികളുടെ വിചാരം ഒന്നുംകൂടാതെ അല്പം തേൻതുള്ളിക്കു സമമായ ലൌകിക സന്തോഷംമാത്രം മഹാരാജാവു അനുഭവിച്ചുകൊണ്ടിരിക്കുന്നതു ബുദ്ധിഹീനത അല്ലയോ?" ഇതിനെകേട്ടു ഉറു വിചാരിച്ചിട്ടു പാപമുപേക്ഷിച്ചു രാജാവു നൽവഴിക്കു തിരികയും ചെയ്തു.

അതുകൊണ്ടു എന്റെ സ്നേഹിതാ ഈ കേട്ടതിനെ ഒന്നും നീ വിശ്വസിക്കുന്നില്ലായെങ്കിൽ നിന്റെ രക്ഷയ്ക്കായി പിശാചിനോടും അതിന്റെ ക്രിയകളോടും ലോകത്തിനോടും അതിന്റെ ആഡംബരങ്ങളോടും മാംസത്തോടും അതിന്റെ ഇച്ഛകളോടും യുദ്ധംചെയ്തു ജയവീരനായി മഹിമയുള്ള വാടാകിരീടം പ്രാപിപ്പാൻ നിനക്കു കഴികയില്ലെന്നറിഞ്ഞുകൊൾക.

നീ മരണത്തെക്കുറിച്ചു ഇതുവരെ വിചാരിച്ചിട്ടില്ലെങ്കിൽ ഇനി എങ്കിലും വിചാരിച്ചു ഒരുങ്ങിയിരിക്ക. നീ എത്ര ശവങ്ങളെ കണ്ടിട്ടുണ്ടു്? എത്ര ശവങ്ങളടക്കീട്ടുണ്ടു? കരഞ്ഞിട്ടുണ്ടു! മണ്ണിട്ടിട്ടുണ്ടു! നീയുമൊരുദിവസം അതുപോലാകുമെന്നുള്ളതു മറക്കാമോ? ദൈവഭക്തരായ അനേകർ മരിച്ചതിനെക്കുറിച്ചു മാറുള്ളവർ പറയുന്നതുകേട്ടു നീ സന്തോഷിച്ചിട്ടില്ലയോ? ദുഷ്ടന്മാരുടെ മരണത്തെക്കുറിച്ചു ഭക്തന്മാർ ദുഃഖത്തോടുകൂടി സംസാരിക്കുന്നതു നീ കേട്ടിട്ടില്ലയോ? നീയും പറഞ്ഞിട്ടില്ലയോ?

നമ്മുടെ ആദ്യമാതാപിതാക്കൾ മരണമില്ലാത്ത സ്ഥിതിയിൽ സൃഷ്ടിക്കപ്പെട്ടാറെയും പാപം നിമിത്തം മരിക്കുന്നവരായി തീർന്നു. അതേകാരണം സന്തതിക്കാരായ നമ്മുടെ മേലും മരണം മുക്കുരപ്പെട്ട തലമുറ തലമുറതോറും എ

എല്ലാവരും മരിച്ചുവിടവിടെ അടക്കപ്പെട്ടിരിക്കുന്നതിനാൽ ഭൂലോകം ഒരു വലിയ ശവക്കല്ലറ എന്നു പറയാം. നാം ചവുട്ടുന്ന ഭൂമി മുമ്പെ മരിച്ചിട്ടുള്ളവരുടെ ശരീരം അഴിഞ്ഞുള്ള ചാമ്പലും പൊടിയുമാകുന്നു. നാമനുഭവിക്കുന്ന വസ്തുക്കൾ സകലവും മരണം അവരിൽ നിന്നു പിടിച്ചുപറിച്ചു നമുക്കു തന്നതാകുന്നു. ഇനിയുമല്പകാലങ്ങൾക്കിടയിൽ നമ്മിൽനിന്നെടുത്തു കൊള്ളും. നമ്മുടെ കാരണവന്മാരും കുട്ടിപ്പുകളും സ്നേഹിതന്മാരും എല്ലാവരും മരിച്ചുവല്ലൊ. നാമും മരിക്കുമെന്നതിനെക്കുറിച്ചു് ആലോചിക്കേണ്ടതല്ലയോ? പ്രപഞ്ചകാര്യമിങ്ങനെയിരിക്കയാൽ ഈ ലോകത്തിന്മേൽ ആശവയ്ക്കാതൊ? ഒരിക്കൽ മാത്രമെ മരിക്കുന്നൊള്ളു. ദുഃഖദിവസങ്ങളും അരിഷ്ടദിവസങ്ങളും പരീക്ഷാദിവസങ്ങളും ഏറാമുണ്ടു്. മരണദിവസമൊ എന്നാൽ ഒന്നേയുള്ളു. ഇതാശ്ചര്യം. നല്ല അവസാനമെങ്കിൽ നിത്യ മോക്ഷഭാഗ്യത്തിനും, ചീത്ത അവസാനമെങ്കിൽ നിത്യനരകവേദനക്കും നിമിത്തകാരണമായിത്തീരും. ഈവാനീമോസെന്നദേഹം മരണസമയത്തെ മഹാ സന്തോഷത്തോടുകൂടെ ഹാ മരണമേ എന്റെ ചെങ്ങാതി! നീ ഇരുമേൽ ഇമ്പമുള്ളവൻ എന്നു ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ലാ എന്നു പറഞ്ഞു. എന്റെ സ്നേഹിതാ? ഇപ്പോൾ നീ മരിക്കുന്നെങ്കിൽ ഇങ്ങനെ പറവാൻ നിനക്കു കഴിയുമൊ? നീ ഉമ്മരണം മരിച്ചാൽ നിന്റെ അവകാശം നിത്യ നരകമായിരിക്കും. നമ്മരണം മരിച്ചാൽ നിന്റെ അവകാശം നിത്യമോക്ഷമയിരിക്കും.

തിരുഹൃദയഭക്തർ

൧൯൨൨ മകരമാസത്തിൽ ചെയ്യേണ്ട പ്രാർത്ഥനകൾ.

"തിരുഹൃദയ സഖ്യത ശുശ്രൂഷിക്കാർ."

ശരിയായ ഒരു സൈന്യത്തെ



നാം സൂക്ഷിക്കുന്നു എങ്കിൽ ആ സൈന്യത്തിൽ പലതരം സേനാധിപന്മാരും ഉദ്യോഗസ്ഥന്മാരും ഉള്ളതായി നാം കാണുന്നു. ശരിയായ ഭരിപ്പില്ലാത്ത ഒരു രാജ്യം, അഥവാ പട്ടണം എന്നുവേണ്ടാ ഒരു ഭവനംതന്നെയും ക്രമമായി നടക്കാതിരിക്കുന്നതെന്നു് ക്രമേണ ക്രമേണ നശിച്ചുപോകുന്നു. ഇപ്രകാരംതന്നെ അനേകലക്ഷം ആളുകൾ ഉൾപ്പെട്ട ഒരേക സൈന്യത്തിനായി അദ്ധ്വാനിക്കുന്ന തിരുഹൃദയസംഘ്യതയിലും അനേക ഉദ്യോഗസ്ഥന്മാരുണ്ടാകേണ്ടതത്യാവശ്യമാണു. കാലക്രമംകൊണ്ടു ഈ ഉദ്യോഗസ്ഥന്മാരുടെ അഥവാ ശുശ്രൂഷിക്കാരുടെ അറിവു, മനുഷ്യസ്വഭാവത്തിന്റെ ശക്തിക്ഷയം നിമിത്തം നശിച്ചുപോകുന്നതിനു ഇടവരുന്നു. ശുശ്രൂഷിക്കാരുടെ അറിവു ക്ഷയിച്ചുപോകുന്നെങ്കിൽ ശുശ്രൂഷിക്കാരുടെ കീഴിലുള്ളവരുടെ കാര്യം പറയാതെ ഗ്രഹിക്കാമല്ലൊ.

ഇതിനാൽ തിരുഹൃദയസഖ്യതയിലെ അനേകായിരം ശുശ്രൂഷിക്കാർക്കു വേണ്ടി പ്രത്യേകം അപേക്ഷിക്കണമെന്നു ന. പരിശുദ്ധ പിതാവു പത്താം പീയൂസ് മാർപാപ്പാ കൽപിച്ചിരിക്കുന്നു.

ആകയാൽ തിരുഹൃദയ സഖ്യതയിലെ ശുശ്രൂഷിക്കാർ എന്നുള്ളവരായി തങ്ങളുടെ കീഴിലുള്ള സഖ്യതക്കാ

രെ ശ്രുഷ്ണന്തിയുള്ളവരാക്കുന്നതിനു വേണ്ട ദൈവാനുഗ്രഹം നാ. ക. തിരുഹൃദയം അവർക്കു നൽകുന്നതിനു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം അപേക്ഷിക്കേണ്ടിയിരിക്കുന്നു.

ലോകവർത്തമാനച്ചുരുക്കം.

൧. റോമ്മാ മേലുദ്ധാരനായി വല്ല ഒരു കർദ്ദിനാൾ തെരിഞ്ഞെടുക്കപ്പെട്ട ക്രടായെന്നു തടസ്ഥം ചെയ്യുന്നതിനുള്ള അർഹത (Veto) യൂറോപ്പിൽ ആവുസ്ത്രിയാ, ഫ്രാൻസ്, സ്പെയിൻ മുതലായ ചില കത്തോലിക്ക രാജ്യങ്ങൾക്കുണ്ടായിരുന്നു. ഈ അർഹതയെ പരിശുദ്ധ പിതാവു ൧൯൦൩ാം പീയോസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈയിടെ പരിഛേദം നിരുത്തൽ ചെയ്തിരിക്കുന്നു. കർദ്ദിനാളന്മാർ സ്ഥാനമേൽക്കുന്ന സമയം ഈ പുതിയ ചട്ടം അനുസരിച്ചുകൊള്ളുമെന്നു വാഗ്ദത്തം ചെയ്യണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

൨. കത്തോലിക്കാ ചക്രവർത്തിയായ ആവുസ്ത്രിയായിലെ ജോസഫ് മഹാരാജാവു പ്രായാധിക്യംനിമിത്തം അസ്വസ്ഥതയിൽ ആയിരിക്കുന്നു.

൩. പോർട്ടുഗളിലെ ഏമില്യാ റാണി ഈയിട ഇംഗ്ലണ്ടിൽ നോർഫോക്ക് പ്രഭുവിന്റെ അതിഥിയിൽ നടത്തപ്പെട്ട ഒരു മീറ്റിംഗിൽ സംബന്ധിച്ചതായി കാണുന്നു.

൪. പോർട്ടുഗാളിൽ പുതിയ നാസ്തിക ഗവർമ്മേൻറു കത്തോലിക്കവേദത്തോട് മഹാ ഞെരുക്കങ്ങൾ ചെയ്തുവരുന്നു. (Guardac) ഗർഡാക്കിലെ മെത്രാനെ മുമ്പെതന്നെ നാടുകടത്തി. ഇപ്പോൾ (Portalegre) പൊർത്തുളെഗ്രായുടെ മെത്രാനവർകളെയും നാടുകടത്തുവാൻ ശ്രമിക്കുന്നു.

൫. റഷ്യാദേശത്തു കത്തോലിക്കക്കുട്ടികളെ വേദോപദേശം പഠിപ്പിക്കുന്നതിൽ ഗവർമ്മേൻറു പ്രതിബന്ധം കാണിക്കുന്നതു മഹാ ശോചനീയമാണ്.

൬. ചൈനാദേശത്തിന്റെ വടക്കെഭാഗത്തു വിസ്താരമേറിയ ഒരു പ്രവിശ്യയെ ഭരിക്കുന്ന നി. വ. ദിവ്യശ്രീ ഡാക്ടർ മെനിക്കാത്തി (Menicathi) മെത്രാനവർകൾ ഈയിടെ ലണ്ടനിൽ എത്തിയിരിക്കുന്നു. ഇദ്ദേഹം ചീനത്തിനു മിഷ്യനറിയായി പോയിട്ടു പന്ത്രണ്ടു സംവത്സരത്തിന്റെശേഷം ഒന്നാമതായിട്ടാണ് ഇപ്പോൾ യൂറോപ്പിനു പിന്തിരിഞ്ഞുവരുന്നതു്. ഇദ്ദേഹം ഇറാലിയിൽ മിലാൻ പട്ടണക്കാരനാണ്. ഇദ്ദേഹത്തിന്റെ മിസ്സത്തിൽ ൨൦ മില്യൻ അജ്ഞാനികളുണ്ടെങ്കിലും, പുതുമിസ്സമാകയാൽ കത്തോലിക്കർ ൩,൦൦൦ പേർ മാത്രമെയുള്ളു.

൭. സ്ത്രീകൾക്കു സർക്കാരുദ്യോഗങ്ങളിൽ പ്രവേശനം കിട്ടണമെന്നുള്ള ഒരു ബഹളം ഇംഗ്ലണ്ടിൽ നടക്കുന്നു. ഈ സംഗതിയെക്കുറിച്ചു് ആലോചിക്കുന്നതിനു കഴിഞ്ഞ ഡിസമ്പർ പ്രഭു ലണ്ടനിൽ മഹാന്മാരുടെ ഒരു വലിയ മീറ്റിംഗ് കൂടി. സ്ത്രീകൾ കെട്ടിടത്തിന്റെ ചില്ലുജനൽകൾക്കും മറ്റും മുൻപോലെ നാശം ചെയ്യാതിരിക്കുന്നതിനു വളരെ പോലീസുകാരും പട്ടാളക്കാരും കാവലുണ്ടായിരുന്നു. സ്ത്രീകളുടെ ഒരു വലിയ കൂട്ടവും പുറത്തു വന്നുകൂടി. സംഘത്തിൽ പ്രസംഗിച്ച മിസ്റ്റർ ലോയിഡ് ജോർജിന്റെ ഛായാപടം വികൃതരൂപത്തിൽ നീലച്ചായത്തിൽ എഴുതി തൂക്കിയിരുന്ന ഒരു കൊടിയും ഈ സ്ത്രീ പട്ടാളം പിടിച്ചിരുന്നു. സംഘം പിരിഞ്ഞു പ്രസംഗി പുറത്തിറങ്ങി പോകയിൽ ഒരാൾ കഠിന ഉപദ്രവം ചെയ്തു. അയാളുടെ ഒരു കണ്ണു മിക്കവാറും പോക്കാണ്. ആക്രമിച്ച ആളിനെ രണ്ടുവർഷത്തെ കഠിനവേലയ്ക്കു ഗവർമ്മേൻറു വിധിച്ചിരിക്കുന്നു.

൮. ഇറാലിയും തുർക്കിയുമായുള്ള യുദ്ധം സമാധാനപ്പെട്ടില്ല. ജയം ഇതേവരെ ഇറാലിയുടെ ഭാഗത്താണ്. ഡിസമ്പർ പ്രഭു ഇറാല്യാക്കാർ (Tajura

താജ്ജറാ തുറമുഖം പിടിച്ചടക്കി. അനേകം അറബികൾ യുദ്ധം ചെയ്യാതെ കീഴ്പ്പെട്ടു.

൯. ചീനദേശത്തു ചക്രവത്തിക്കു എതിരായി പുറപ്പെട്ടിരിക്കുന്ന ജനാധിപത്യക്കാർ പ്രബലപ്പെട്ടവരുന്നു. പല സ്ഥലങ്ങളിലും വലിയ ശണ്ഠകൾ നടന്നു. ഇരുവശത്തു നിന്നും തെരിഞ്ഞെടുക്കപ്പെട്ട പ്രതിപുരുഷന്മാരുടെ ഒരു സംഘം കഴിഞ്ഞ മാസം ൧൮-ാംനൂഷാങ്കേയി എന്ന പട്ടണത്തിൽ ക്രമീകരിക്കുന്നതിനെക്കുറിച്ചു് ആലോചിക്കയുണ്ടായി. പട്ടണത്തിൽ അസാമാന്യ ജനക്കൂട്ടമുണ്ടായിരുന്നു. മത്സരക്കാരായ ജനാധിപത്യകക്ഷികളുടെ പലവർണ്ണക്കൊടികൾ തെരുവീഥികളിൽ ധാരാളം കാണപ്പെട്ടിരുന്നു.

൧൦. ഇൻഡ്യാ ചക്രവത്തിയായ ജോർജ്ജ് പഞ്ചമൻ അധികാരത്തോടും ചക്രവത്തിക്കുള്ള മഹിമയോടും കൂടി ഇൻഡ്യയിൽ പ്രവേശിച്ചതും, ഡെൽഹിയിൽവച്ചു കഴിഞ്ഞമാസം ൧൨-നു൰ൽ പരം നാട്ടരാജാക്കന്മാരുടെയും നാട്ടുവാഴികളുടെയും മഹാ സൈന്യത്തിന്റെയും അസംഖ്യജനത്തിന്റെയും മുമ്പാകെവച്ചു കിരീടധാരണ വിളംബരം നടത്തിയതും ഇൻഡ്യാചരിത്രത്തിൽ അദ്വിതീയമായ ഒരു സംഭവമാണു്. ഈ അവസരത്തിൽ ഡെൽഹിയിൽ കൂടിയിരുന്ന മഹാപുരുഷാരത്തിനു പാർപ്പിടം വകയ്ക്കു് അനേകായിരം കൂടാരങ്ങൾ പണിയപ്പെട്ടു.

൧൧. ഡൽഹിദർബാറിനു പോയിരുന്ന തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും, കൊച്ചീ രാജാവു തിരുമനസ്സുകൊണ്ടും സ്വന്തരാജധാനികളിൽ തിരികെ എഴുന്നള്ളിയിരിക്കുന്നു.

൧൨. വരാപ്പുഴെ പുത്തമ്പള്ളി സെമ്മിനാരിയിൽ കഴിഞ്ഞ ഡിസംബർ ൨൬, ൨൭ എന്നീ ദിവസങ്ങളിൽ ഗ്രുപ്പട്ടമേററ ബ. നവഗ്രുക്കന്മാർ എല്ലാവരും ഒരുമിച്ചു ൨൭-ാംനു- വ്യാഴാഴ്ച പുത്തൻകുർബാന ചൊല്ലിയിരിക്കുന്നു. ഈ നവ്യപുരോഹിതന്മാക്കു കൂടുതൽ ദൈവകൃപയും സകലവിധ നന്മകളും ആശംസിക്കുന്നു.

൧൩. ഈ ജനുവരി ൨, ൩, ൪ എന്നീ ദിവസങ്ങളിൽ മൈലാപ്പൂരിൽ (Eucharistic Congress) വിശുദ്ധകുർബാനയുടെ മഹായോഗം നടക്കുന്നതാണു്. അതിൽ സംബന്ധിക്കുന്നതിനായി നി ൧. ദിവ്യശ്രീ മാർ തോമ്മാ കുഴുള്ളച്ചേരി മെത്രാനച്ചൻ അവർകളും പോയിട്ടുണ്ടു്. വടക്കൻപറവൂർ പള്ളിയുടെ വികാരി എളങ്കുന്നപ്പുഴ ബ. പൌലോസച്ചൻ അവർകൾ ഈ സംഘത്തിൽ ഒരു പ്രാസംഗികനാണെന്നറിയുന്നതിൽ സന്തോഷിക്കുന്നു.

൧൪. ചക്രവത്തിയും പട്ടമഹിഷിയും ഇൻഡ്യയിൽ എഴുന്നള്ളിയതിന്റെ സ്മാരകമായി, കർസൻ പ്രഭുവിന്റെ കാലത്തുണ്ടായ ബങ്കാൾ വിഭാഗം നിറുത്തലാക്കുകയും, ഇൻഡ്യയുടെ തലസ്ഥാനം കൽക്കത്തായിൽനിന്നു ഡൽഹിയിലേക്കു് മാറുകയും ചെയ്തിരിക്കുന്നു. ഇതനുസരിച്ചു ഡൽഹിയിൽ ചക്രവത്തിതിരുമനസ്സുകൊണ്ടുതന്നെ പ്രധാനപട്ടണത്തിനു് അടിസ്ഥാനമിട്ടിരിക്കുന്നു.

മരണം.

മാന്നാനം സെൻറ് എഫ്രേംസ് ഹൈയർ ഗ്രേഡ് സെക്കൻഡറി സ്കൂളിൽ രണ്ടാം ഫാറത്തിൽ പഠിച്ചിരുന്ന ആനക്കല്ലുങ്കൽപള്ളി ഇടവക പുലിക്കുന്നേൽ തൊമ്മൻ (പി. ഇസാറ്. തൊമ്മൻ) എന്ന കുട്ടി കഴിഞ്ഞ ഡിസമ്പർ ൨൨-നു- ജ്വരപനിയാൽ അന്ത്യക്ലേശങ്ങൾ കൈക്കൊണ്ടു മരിച്ചുപോയിരിക്കുന്നതായി അറിയുന്നതിൽ വ്യസനിക്കുന്നു. ഈ യുവാവ്, സ്ഥലം ബോർഡിംഗ് ഹൌസ്സിലെ ഒരു സൊഡാലിററി മെമ്പറും സുശീലം, വിനയം, അടക്കം മുതലായ സൽഗുണങ്ങളുള്ളവനും ആയിരുന്നു. ഈ ആളിന്റെ ആത്മാവിനു ആശ്വാസം കിട്ടുന്നതിനായി വിശ്വാസികൾ പ്രാർത്ഥിക്കണമെന്നു് അപേക്ഷിക്കുന്നു.

മാസികാവരിപ്പണം അടച്ചവരുടെ പേരുവിവരം.

ഒരു ശ്രുപാവിതം

മ. രാ. രാ. അവർകൾക്ക്,

Rt Rev. Dr. John Menachery, കെ ടി. പൗ്, പുലിക്കോട്ടിൽ ചേറുതോമ്മാ, എടക്കൊളത്തൂരു ദേവസ്സി പൌലോസ്, മലക്കേങ്കിൽ ആനട്ടി ഇട്ടപ്പുണ്ണി, പനയ്ക്കൽ ഉതുപ്പ മകൻ വറിയൂ, വാഴപ്പള്ളിൽ ലോന്നപ്പൻ മകൻ ലാസർ, പുത്തൂരു ചേറുലോന, സി. പി. മാത്യു, മാടക്കായിൽ ലോന്നക്കുട്ടി ജോസഫ്, പറമ്പിൽ റപ്പായി മകൾ മറിയം, തൊഴുത്തുംപറമ്പിൽ ശീവറുശീസ്, ബ. കണ്ടത്തിൽ തോമ്മാച്ചൻ, വെട്ടിക്കാപ്പള്ളിൽ ഉലഹന്നൻ ഔസേപ്പ്, Rev. Fr. J. Antony Fernandez, ബ. പാറയ്ക്കൽ സ്കറിയാച്ചൻ, William Fernandez Mr. Joseph T. Miranda, ബ. കുഴുമുള്ളിൽ കുഞ്ചൻ, ബ. തുരുത്തിക്കരെ ശീവറുശീസച്ചൻ, ബ. വാളിപ്പുക്കൽ സ്കറിയാ ശമ്മാശ്, ബ. എഴുപിലായിൽ യൌസേപ്പച്ചൻ, ബ. ചന്തിരത്തിൽ സ്കറിയാച്ചൻ, ബ. കരിശ്ശുംമൂട്ടിൽ ചാണ്ടിയച്ചൻ, കാപ്പിൽ പുത്തനൂരയിൽ ചെറിയതു ഈപ്പൻ, ആലയ്ക്കാപ്പള്ളിൽ ഈപ്പൻ തൊമ്മൻ, ബ. പുത്തനൂരയ്ക്കൽ മത്തായി അച്ചൻ, എൻ. പി പൈലൊ ഞള്ളത്തുവയലിൽ റിട്ട്, പന്തിരുവേലിൽ കുത്താക്കോ ചാക്കോ, വെട്ടത്തു കരുവിള തോമ്മാ, കരുവിനാക്കുന്നേൽ തൊമ്മൻ തൊമ്മൻ, ഓണംപള്ളിചിറയിൽ ചാണ്ടി വക്കി വൈദ്യൻ, ബ. കാഞ്ഞൂപ്പറമ്പിൽ സ്കറിയാച്ചൻ, Andrew Nronha, സി. റൊജിമത്തീനാ, പി. സെബാസ്യൻ മറിയം, പള്ളിക്കത്തയ്യിൽ കിത്തോവസ്യൻ, പോളയിൽ അരേശ്ശേരി ചോറി ജോസഫ്, കൊടിവീട്ടിൽ അന്ത വറിയൂ, പക്രന്മാക്കൽ ചാക്കുണ്ണി, ബ. ഞാറവേലിൽ പീലിപ്പോസച്ചൻ, പുളിക്കാലായിൽ വക്കി.

പലവക.

ബ. ചാഴൂരു അക്കരപ്പറമ്പി തോമ്മാച്ചൻ ൧ രൂപാ. ൧൧ ചക്രം. ൩ കാശു്. ചിറമേൽ അന്തോനിത്തരകൻ കേ. സി. എസ്സ്. എസ്സ്. ൧ രൂ., ബ. പുലിക്കോട്ടിൽ കുറിയാക്കോസച്ചൻ ൧ രൂ., തെക്കേക്കര ചാക്കുണ്ണി ചാക്കു ൧ രൂ. ൯ ച. ൧ കാ., ബ. ചിരിയൻ കണ്ടത്തു ചാക്കോളയാക്കോച്ചൻ ൩ രൂ ൧൧ ച. ൧൨ കാ., ഓണശേരിൽ ഔസേപ്പു ൨ ച. കാഞ്ഞിരക്കാട്ട മാത്തു ചെറിയാൻ ൧ രൂ. തുണ്ടത്തിൽ മാത്തു മത്തായി ൧ രൂ. ൧൩ ച. ൧ കാ., ബ. മൂലയിൽ മത്തായി അച്ചൻ ൩ രൂ. ബ. മുള്ളങ്കുഴിയിൽ പ്രാംസീസ്സു അച്ചൻ ൧൩ ച. ൧൧ കാ., കിഴക്കേത്തലയ്ക്കൽ ഇട്ടിയവിരാ ൯ ച. ൧ കാ., കുന്നേൽ കരുവിള മത്തായി ൧൩ ച. ൧൧ കാ., ചെറുകൊട്ടരു മാത്തൻ തോമ്മാ ൩ രൂ. ൧ ച. ൧൧ കാ., ബ. തോട്ടുംകൽ തോമ്മാച്ചൻ ൧൨ ച. ൨ കാ., വാഴക്കുളത്തു കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ ൧൫ ച ൧ കാ., ബ. തോപ്പിൽ തോമ്മാച്ചൻ ൧ രൂ., പോളയിൽ വലിയ വീട്ടിൽ ഇട്ടിയവിരാ ഔസേപ്പ്, ൧ രൂ., പുത്തൻവീട്ടിൽ നിന്നു വലിയവീട്ടിൽ വക്കി കൊച്ചുമാത്തു ൧ രൂ. ൧൩ ച. ൧൩ കാ., ബ അറയ്ക്കൽ യാക്കോച്ചൻ ൧ രൂ.

REGISTERED. No. 365.

പഞ്ചാംഗം.

ക്രി.വ. ജനുവരി — മീനം, ധനു — മകരം.

മലയാളം		ഇംഗ്ലീഷ്		വിശേഷ ദിവസങ്ങൾ.		
മാസം	തിയ്യതി	തിയ്യതി	ആഴ്ച			
മീനം	൧	൧	തി	✠ ന. ക. ക്രിസ്തു. ന. ക. പെ.	വെ	2
	൨	൨	ചൊ	വെ. ഏനുഷ്പ. ഏട്ട. ന. അ. ക. പെ.	ചൂ	2
	൩	൩	ബു	ശനി. ഏട്ട. ന. അ. ക. പെ.	വെ	2
	൪	൪	വ്യാ	കുഞ്ഞെ. ഏട്ട. ന. അ. ക. പെ.	ചൂ	2
	൫	൫	വെ	ദെന. ത. ന. അ. ക. ത.	വെ	2
	൬	൬	ശ	✠ ദെന. ന. ക. പെ.	വെ	2
	൭	൭	ഞാ	✠ ദെന. ക്രി. ന. ക. അ. (ദെന. കാലം) 2	വെ	൨
	൮	൮	തി	ദെന. എം. ഡ. അ. ക. പെ.	വെ	൨
	൯	൯	ചൊ	ദെന. എം. ഗ. അ. ക. പെ.	വെ	൨
	൧൦	൧൦	ബു	ദെന. എം. ഗ. അ. ക. പെ.	വെ	൨
	൧൧	൧൧	വ്യാ	ദെന. എം. ഗ. അ. ക. പെ.	വെ	൨
	൧൨	൧൨	വെ	ദെന. എം. ന. അ. ക. പെ.	വെ	൨
	൧൩	൧൩	ശ	ദെന. എട്ട. ന. അ. ക. എട്ട.	വെ	൨
	൧൪	൧൪	ഞാ	✠ ദെ. ക്രി. ന. ക. അ.	വെ	2
	൧൫	൧൫	തി	വെ. മെന. ഗ്രഹ. ന. അ. ക. പെ.	വെ	2
	൧൬	൧൬	ചൊ	ചൂ. വെ. മെ. സ്നെ. ന. അ. ക. പെ.	ചൂ	2
	൧൭	൧൭	ബു	വെന. മെന. രാജ്ഞി. ന. അ. ക. പെ.	വെ	2
	൧൮	൧൮	വ്യാ	ചൊ. ദേ. സിംഹാ. ന. അ. ക. പെ.	വെ	2
	൧൯	൧൯	വെ	വെ. ഗരി. ഗു. ന. അ. ക. പെ.	ചൂ	2
	൨൦	൨൦	ശ	വെ. ഗബി. സെബ. ന. ക. പെ.	ചൂ	2
	൨൧	൨൧	ഞാ	✠ ദെന. ന. ക. അ.	വെ	൨
	൨൨	൨൨	തി	വെ. വിനസ. ന. അ. ക. പെ	ചൂ	൨
	൨൩	൨൩	ചൊ	ക. വെ. ഗ്രഹ. ന. അ. ക. പെ.	ചൂ	൨
	൨൪	൨൪	ബു	വെ. തിമഥെ. ന. അ. ക. പെ.	ചൂ	൨
	൨൫	൨൫	വ്യാ	പെന. ശ്രീ. ന. തിരിവു. ന. അ. ക. പെ.	വെ	൨
	൨൬	൨൬	വെ	അ. വെ. പൊലിക. ന. അ. ക. പെ.	ചൂ	൨
	൨൭	൨൭	ശ	അ. മെന. യോ. ക്രി. ന. ക. പെ.	വെ	൨
	൨൮	൨൮	ഞാ	✠ ദെ. ര-ാം. ന. ക. അ.	വെ	2
	൨൯	൨൯	തി	† ന മനോ. ന. ക. അ. * ക്രി.	ഗോ	2
	൩൦	൩൦	ചൊ	† ന മനോ. ന. ക. അ. * ഗു.	ഗോ	2
	൩൧	൩൧	ബു	† ന മനോ. ന. ക. അ. * ഗു.	ഗോ	2

✠ ഇതു അടയാളം എല്ലാവർക്കും കടപ്പള്ള ദിവസം (✠) കടം നീക്കപ്പെട്ട ദിവസം
* ഇതു വിലക്കള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani
St. Joseph's Press, Mannanam.